## ആമുഖം

സ്വർഗ്ഗവും നരകവും മരണാനന്തര ജീവിതവും ഇല്ലെന്നു വിശ്വസിക്കുന്നവരുണ്ട്. സ്വർഗ്ഗവും നരകവും മിഥ്യയാണെന്നും, ദുഷ്പ്രവൃത്തികളിൽ നിന്ന് പിൻതിരിഞ്ഞ് സന്മാർഗ്ഗികജീവിതം നയിക്കാൻ മതാചാര്യന്മാർ ബോധപൂർവ്വം സൃഷ്ടിച്ചുണ്ടാക്കിയ സങ്കല്പമാണ് സ്വർഗ്ഗമെന്ന് കരുതുന്നവരുമുണ്ട്. ഒരുപക്ഷെ അങ്ങനെയുള്ള സ്വർഗ്ഗങ്ങൾ ഉണ്ടായേക്കാം. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന സ്വർഗ്ഗം യാഥാർത്ഥ്യവും നിസ്തുലവുമാണ്. ദൈവം വസിക്കുന്നതും ദൈവത്തിന്റെ സിംഹാസനം ഇരിക്കുന്നതും സ്വർഗ്ഗത്തിലാണെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. സ്വർഗ്ഗീയ സൈന്യമായ ദൂതന്മാർ വസിക്കുന്നതും സ്വർഗ്ഗത്തിലാണ്. സ്വർഗ്ഗത്തിൽ നിന്നാണ് ക്രിസ്തു ജഡധാരണത്തിനുവേണ്ടി ഇറങ്ങിവന്നത്. ഉയിർത്തെഴുന്നേറ്റ യേശു ക്രിസ്തു ആകാശമേഘങ്ങളിലൂടെ കരേറിപ്പോയതും സ്വർഗ്ഗത്തേക്കാണ്. പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തതും സ്വർഗ്ഗത്തിൽ നിന്നാണ്. ദൈവമക്കൾക്ക് ക്രിസ്തു വാഗ്ദത്തം ചെയ്തിരിക്കുന്നതും സ്വർഗ്ഗമാണ്. ക്രൂശിലെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ച് സൽഗുണപൂർത്തി വന്നവരെ (സഭയെ) ചേർക്കാൻ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നാണ് ഇറങ്ങി വരുന്നത്. നരകവും നരകയാതനയും നിത്യശിക്ഷാവിധിയും യാഥാർത്ഥ്യമാണെന്നും ബൈബിൾ വ്യക്തമാക്കുന്നു. സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ് നരകം സൃഷ്ടിച്ചിരിക്കുന്നത്. ക്രിസ്തുവിലൂടെയുള്ള ആദ്ധ്യാത്മികരക്ഷയിൽ വിശ്വസിക്കാത്ത കാരണത്താലാണ് മനുഷ്യൻ നരകത്തിൽ പോകേണ്ടിവരുന്നത്. വഷളന്മാരായി നടന്ന് അന്ത്യത്തോളം മ്ലേച്ഛത പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരാണ്, ദൈവവും,

സാത്താനും, സ്വർഗ്ഗവും, നരകവും ഇല്ലെന്ന് പറഞ്ഞുപരത്തുന്നവർ. സ്വർഗ്ഗസൌഭാഗ്യങ്ങളെപ്പോലെ തന്നേ നരകവും നരകയാതനയും യാഥാർത്ഥ്യമാണെന്ന് ബൈബിൾ പഠിപ്പിക്കുന്നതുകൊണ്ട്, വിജയകരമായൊരു ക്രിസ്തീയജീവിതം നയിക്കാൻ ഏതൊരു ഭക്തനും ഇതൊക്കെ വിശ്വസിക്കണമെന്നാണ് ഈയുള്ളവന്റെ പക്ഷം. നന്മതിന്മകളെ വിവേചിച്ചറിയാൻ സർവ്വശക്തനായ കർത്താവ് എല്ലാവരെയും സഹായിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട്;

ക്രിസ്തേശുവിന്റെ ബദ്ധൻ

# സ്വർഗ്ഗവും നരകവും

## സ്വർഗ്ഗം

മനുഷ്യവർഗ്ഗത്തിന്റെ പര്യവസാനസ്ഥാനമാണ് സ്വർഗ്ഗം അല്ലെങ്കിൽ നരകം. എല്ലാ മതങ്ങളും തന്നേ സ്വർഗ്ഗത്തെയും നരകത്തെയും മനുഷ്യന്റെ മരണാനന്തര ജീവിതത്തെയും അംഗീകരിക്കുന്നവരാണ്. എന്നാൽ എല്ലാവരുടേയും സ്വർഗ്ഗനരകസങ്കല്പങ്ങൾ വിഭിന്നങ്ങൾ ആണെന്നു മാത്രം. ചിലർക്ക് ആത്മാവിന്റെ നിത്യവിശ്രമസ്ഥലമാണ് സ്വർഗ്ഗമെങ്കിൽ, മറ്റു ചിലർക്ക് മദ്യവും മദിരാക്ഷിയും ലഭിക്കുന്ന സുഖഭോഗങ്ങളുടെ പറുദീസയാണ് സ്വർഗ്ഗം. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന സ്വർഗ്ഗം ഇതിൽനിന്നൊക്കെ വ്യത്യസ്ഥമാണ്. സ്വർഗ്ഗം ഒരു സ്ഥലമായിരിക്കുമ്പോൾ തന്നേ വിശ്വാസികൾക്ക് സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമായിരിക്കുന്നത് ക്രിസ്തു എന്ന ആളത്തമാണ്. എബ്രായ ലേഖകൻ സ്വർഗ്ഗത്തേക്കാൾ ഉന്നതൻ (7:26) എന്നാണ് ക്രിസ്തുവിനെ വിശേഷിപ്പിച്ചിരിക്കുന്നത്. തന്മൂലം ദൈവമക്കളുടെ പ്രമോദവും പ്രശംസാവിഷയവും സ്വർഗ്ഗമല്ല, ക്രിസ്തുവത്രേ. എങ്കിലും സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നവനും ഇപ്പോൾ സ്വർഗ്ഗത്തിൽ ഇരിക്കുന്നവനുമായ യേശുക്രിസ്തുവല്ലാതെ ആരും കയറിയിട്ടില്ലാത്ത സ്വർഗ്ഗത്തെക്കുറിച്ച് ബൈബിൾ പറയുന്നതെന്താണെന്ന് നമുക്കാദ്യം പരിശോധിക്കാം.

### 1. സ്വർഗ്ഗം പ്രയോഗങ്ങൾ

സ്വർഗ്ഗത്തെ കുറിക്കുന്ന പഴയനിയമത്തിലെ പ്രധാനപ്പെട്ട എബ്രായ പദങ്ങൾ ഇവയാണ്:- 'ഷാമയിം' (Shamayim - Heavens) ഇതൊരു ബഹുവചന പ്രയോഗമാണ്.

സത്യവേദപുസ്തകത്തിൽ 'സ്വർഗ്ഗം/ആകാശം' എന്നൊക്കെ തർജ്ജമ ചെയ്തിരിക്കുന്നു. (ഉല്പ, 1:1, 8, 9, 14, 15, 18, 19, 20, 26, 28, 30). ഈ വാക്കിന് 'ഉന്നതങ്ങൾ' (Heights, Elevations) എന്നാണ് അർത്ഥം. 420 പ്രാവശ്യം ഈ പദം പഴയനിയമത്തിലുണ്ട്. 'മെറോം' (Marom): (സങ്കീ, 68: 18, 93:4, 147:7). ഇതിന്റെ അർത്ഥവും 'ഉന്നതങ്ങൾ' (Hi-gh Place, Heights) എന്നു തന്നെയാണ്. സത്യവേദപുസ് തകത്തിൽ 'ഉയരം/ഉന്നതങ്ങൾ' എന്നു തർജ്ജമ ചെയ്തിരിക്കുന്നു. 50-ലധികം പ്രാവശ്യം ഈ പദം പഴയനിയമ ത്തിലുണ്ട്. 'ഗിൽഗാൽ' (Galgal): (സങ്കീ, 77: 18, 83:13), ഇംഗ്ലീഷിൽ ഈ പദം Heaven, Wheel, Wind, Whirlwind എന്നൊക്കെ പരിഭാഷ ചെയ്തിരിക്കുന്നു. സത്യവേദപുസ്തകത്തിൽ ചുഴലിക്കാറ്റ്/രഥചക്രം എന്നൊക്കെയാണ് തർജ്ജമ. പഴയനിയമത്തിൽ 10-ലേറെ പ്രാവശ്യം ഈ പദമുണ്ട്. 'ഷെഹാക്' (Shakhak): (ആവ, 33: 26, 2ശമു, 22:12, ഇയ്യോ, 35:5). ഇംഗ്ലീഷിൽ Sky/Clouds എന്നൊക്കെ പരിഭാഷ. സത്യവേദപുസ്തകത്തിൽ 'മേഘം' എന്നു തർജ്ജമ ചെയ്തിരിക്കുന്നു. പഴയനിയമത്തിൽ 20-ലേറെ പ്രാവശ്യം ഈ പദമുണ്ട്. 'റാഖീയ' (Raqiya): (ഉല്പ, 1:6, 7, 8, 14, 15, 17). ഇംഗ്ലീഷിൽ Firmament എന്നും, സത്യവേദപുസ്തകത്തിൽ 'വിതാനം' എന്നും തർജ്ജമ ചെയ്തിരിക്കുന്നു. 15-ലധികം പ്രാവശ്യം ഈ പദമുണ്ട്. സ്വർഗ്ഗത്തെ കുറിക്കുന്ന പുതിയനിയമത്തിലെ പ്രധാനപ്പെട്ട ഗ്രീക്കു പദങ്ങൾ ഇവയാണ്. 'ഊറനൊസ്' (Ouranos): (മത്താ, 3:2, 3:16, 17, 4:17, 5:3, അപ്പൊ, 2: 2). ഇംഗ്ലീഷിൽ Heavens, Sky, Air എന്നൊക്കെ പരിഭാഷ ചെയ്തിരിക്കുന്നു. സത്യവേദപുസ്തകത്തിൽ 'സ്വർഗ്ഗം/ആകാശം' എന്നൊക്കെയാണ് തർജ്ജമ. പുതിയനിയമത്തിൽ ഈ പദം 265 പ്രാവശ്യമുണ്ട്. 'എപ്പൂറാനിയൊസ്'

(Epouranios) (മത്താ, 18: 35, യോഹ, 3:12, 1കൊരി, 40, 48, 49). ഇംഗ്ലീഷിൽ Heavenly എന്നു പരിഭാഷ ചെയ്തിരിക്കുന്നു. സത്യവേദപുസ്തകത്തിൽ സ്വർഗ്ഗസ്ഥൻ/സ്വർഗ്ഗം/സ്വർഗ്ഗീയ എന്നൊക്കെ തർജ്ജമ. പുതിയനിയമത്തിൽ 18 പ്രാവശ്യം ഈ പദമുണ്ട്. 'നെഫെലീ' (Nephele): (മത്താ, 17:5, 24:30, മർക്കൊ, 9:7, ലൂക്കൊ, 9:35). ഇംഗ്ലീഷിൽ Cloud എന്നും, സത്യവേദപുസ്തകത്തിൽ 'മേഘം' എന്നു തർജ്ജമ ചെയ്തിരിക്കുന്നു. പുതിയനിയമത്തിൽ ഈ പദം 20-ലധികം പ്രവശ്യമുണ്ട്. 'പാരഡൈസൊസ്' (Paradeisos): (ലൂക്കൊ, 23:43, 2കൊരി, 12:4, വെളി, 2:4). ഇംഗ്ലീഷിൽ Paradise എന്നും, സത്യവേദപുസ്തകത്തിൽ 'പരദീസ' എന്നും തർജ്ജമ ചെയ്തിരിക്കുന്നു. 'കെട്ടിയടച്ച തോട്ടം' എന്നാണ് പരദീസയുടെ അർത്ഥം. സെപ്റ്റ്വജിന്റിൽ 25 പ്രാവശ്യവും, പുതിയനിയമത്തിൽ മൂന്നു പ്രാവശ്യവും ഈ പദമുണ്ട്. എബ്രായയിൽ 'പർദേസ്' (Pardes) ആണ്. രാജാവിന്റെ വനം (നെഹെ, 2:8), ഉദ്യാനം ((സഭാ, 2:5), തോട്ടം (ഉത്ത, 4:13) എന്നിങ്ങനെ മൂന്നിടത്തുണ്ട്. 'കൊല്പൊസ് ഹൊ അബ്രാം' (Kolpos ho Abraam): (ലൂക്കൊ, 16:22, 23). ഇംഗ്ലീഷിൽ Abraham's bosom എന്നും, സത്യവേദപുസ്തകത്തിൽ 'അബ്രഹാമിന്റെ മടി' എന്നും തർജ്ജമ ചെയ്തിരിക്കുന്നു. മരണാനന്തരമുള്ള സൗഭാഗ്യാവസ്ഥയെ കുറിക്കുവാൻ 'തൽമൂദിൽ' ഉപയോഗിച്ചിട്ടുള്ള പ്രയോഗമാണ് 'അബ്രഹാമിന്റെ മടി.' പാതളത്തിലെ വേദനയ്ക്കും, പറുദീസയിലെ ഭാഗ്യത്തിനും ഇടയ്ക്കുള്ള വിടവു ചൂണ്ടിക്കാണിക്കുവാനാണ് ക്രിസ്തു ഈ പദം ഉപയോഗിച്ചത്. തന്മൂലം 'അബ്രഹാമിന്റെ മടി'യെന്നത് പറുദീസയുടെ പര്യായമാണ്. അബ്രഹാമിന്റെ മടിയിലിരിക്കുക എന്നത് പറുദീസാ പ്രവേശനമാണെന്ന് 'തൽമൂദ്' വ്യക്തമാക്കുന്നുമുണ്ട്. സ്വർ

ഗ്ഗത്തിന്റെ ആത്മീയ പേരുകൾ: സീയോൻ (സങ്കീ, 14:7, 102:2, 128:5), സമാഗമപർവ്വതം (യെശ, 1:413), ദാവീദു ഗൃഹം (യെശ, 22:22, വെളി, 3:7), കളപ്പുര (മത്താ, 3:12, 13:30, ലൂക്കൊ, 3:17), പിതാവിന്റെ രാജ്യം (മത്താ, 13: 43), ലോകസ്ഥാപനം മുതൽ ഒരുക്കിയിരിക്കുന്ന രാജ്യം (മത്താ, 25:34), യാക്കോബ് ഗൃഹം (ലൂക്കൊ, 1:33), ദൈവരാജ്യം (ലൂക്കൊ, 7: 28, 1കൊരി, 6:9-10, ഗലാ, 5: 21), പിതാവിന്റെ ഭവനം (യോഹ, 14:2), നിത്യഭവനം (2 കൊരി, 5:1), മൂന്നാം സ്വർഗ്ഗം (2കൊരി, 12:2), പരദീസ (2കൊരി, 12:3), സ്വർഗ്ഗീയ യെരുശലേം (ഗലാ, 4:26, എ ബ്രാ, 13:22), സ്വർഗ്ഗാധിസ്വർഗ്ഗം (എഫെ, 4:10), ക്രിസ്തുവിന്റെയും ദൈവത്തിന്റെയും രാജ്യം (എഫെ, 5:5), വിശ്രമസ്ഥാനം (എബ്രാ, 4:9), സ്വർഗ്ഗീയനഗരം (എബ്രാ, 11: 16), ദൈവത്തിന്റെ നഗരം (എബ്രാ, 12:22), സ്വർഗ്ഗീയ യെരുശലേം (എബ്രാ, 12:22), ഇളകാത്ത രാജ്യം (എബ്രാ, 12:29), ക്രിസ്തുവിന്റെ നിത്യരാജ്യം (2പത്രൊ, 1:11), പുതിയ യെരുശലേം (വെളി, 21:2), വിശുദ്ധ നഗരം (വെളി, 21:2), ദൈവത്തിന്റെ കൂടാരം (വെളി, 21:3).

## 2. സ്വർഗ്ഗം എവിടെയാണ്

സ്വർഗ്ഗം എവിടെയാണെന്ന ചോദ്യത്തിന് ബൈബിൾ വ്യക്തമായ ഉത്തരം നല്കുന്നുണ്ടെങ്കിലും പലരും ധരിച്ചുവെച്ചിരിക്കുന്നത് സ്വർഗ്ഗം മുകളിലാണെന്നാണ്. മുകളിൽ എന്ന പ്രയോഗത്തിന്റെ അർത്ഥശൂന്യതയെപ്പറ്റി 'പാസ്റ്റർ T.S. ബാലൻ' തന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത് ഇവിടെ ചേർക്കുന്നു:- "സ്വർഗ്ഗം നമ്മുടെ തലയ്ക്കുമുകളിൽ -- ആകാശത്ത് -- സ്ഥിതിചെയ്യുന്നു എന്നാണ് പൊതുവെയുള്ള ധാരണ. എന്നാൽ മുകൾഭാഗം അടിഭാഗം എന്നൊക്കെപ്പറയുന്നത് കേവലം ആപേ

ക്ഷികമാണെന്ന സത്യം നാം ഓർക്കാറില്ല. നട്ടുച്ചനേരത്തു നമ്മുടെ തലയ്ക്കുനേരെ മുകളിൽ കാണുന്ന സൂര്യൻ 12 മണിക്കൂർ കഴിയുമ്പോൾ ഈ ഭൂമിയുടെ അടിയിലായിരിക്കുമെന്ന കാര്യവും നാം മറന്നുപോകുന്നു. ചിലർക്കു ഇതു വിശ്വസിക്കാനെ ആവില്ലതാനും. നാം രാത്രിയിൽ കാണുന്ന നക്ഷത്രങ്ങൾ പകൽ സമയത്തെവിടെ? ഭൂമിക്കടിയിൽ! ഇന്ത്യക്കാരെ സംബന്ധിച്ചടത്തോളം അമേരിക്ക ഭൂമി ക്കടിയിലാണന്നു പറഞ്ഞാൽ എത്രപേർ സമ്മതിച്ചുകൊടുക്കും? ഇതൊക്കെ മനസ്സിലാക്കുവാൻതക്ക അറിവ് ബഹുഭൂരിപക്ഷത്തിനുമില്ല. മനുഷ്യൻ ചന്ദ്രനിൽ നിന്നുകൊണ്ടു ഭൂമിയുടെ ഫോട്ടോയെടുത്തു. ചന്ദ്രനിൽനിന്നു ഭൂമിയെ നോക്കിയാൽ ഭൂമി ആകാശത്ത്, ചന്ദ്രനേക്കാൾ വലിപ്പത്തിൽ നിലാവു ചൊരിഞ്ഞു കൊണ്ട് നില്ക്കുന്നതു കാണാം. മറ്റൊരത്ഥത്തിൽ പറഞ്ഞാൽ, ചന്ദ്രനിൽനിന്നും നോക്കുന്ന വ്യക്തിക്കു ഭൂമി 'ഇത്തിരി വല്യചന്ദ്രൻ' ആണെന്നേ തോന്നു. ഭൂമിയിൽ നിന്നു ചന്ദ്രനിലെത്താൻ മുകളിലേക്ക് യാത്ര ചെയ്യണം. ചന്ദ്രനിൽനിന്നു ഭൂമിയിലെത്താനും മുകളിലേക്കുതന്നേ യാത്ര ചെയ്യണം. അങ്ങനെയെങ്കിൽ സ്വർഗ്ഗം മുകളിലാണെന്നു പറയുന്നതിലെന്തർത്ഥം?" ('മരിച്ചവർ എവിടെ', T.S. Balan). 24 മണിക്കൂർ കൊണ്ടു ഭൂമി സ്വയം കറങ്ങുകയും ഒപ്പം 365 ദിവസവും 6 മണിക്കൂറുംകൊണ്ടു ഭൂമി സൂര്യനെ ചുറ്റുകയും ചെയ്യുന്നതുകൊണ്ടാണ് ദിവസവും, ആഴ്ചകളും, മാസങ്ങളും, വർഷങ്ങളും കണക്കുകൂട്ടുന്നത്. ചന്ദ്രൻ ഭൂമിയിൽനിന്ന് 3,84,401 കി.മീറ്റർ അകലെയും, സൂര്യൻ ഭൂമിയിൽനിന്ന് 15 കോടി കി.മീറ്റർ അകലെയും, നക്ഷത്രങ്ങൾ ഭൂമിയിൽനിന്ന് അനേകം പ്രകാശവർഷങ്ങൾ അകലെയാണെന്നും ഓർക്കണം. ഈ ചന്ദ്രനും, സൂര്യനും, നക്ഷത്രങ്ങളുമാണ് 12 മണിക്കൂർ കൂടുമ്പോ

ൾ മുകളിലും താഴെയുമായി മാറിമാറി വരുന്നത്. അന്ത രീക്ഷമണ്ഡലം അഥവാ മേഘമണ്ഡലത്തെയും നക്ഷത്ര മണ്ഡലത്തെയും ചേർത്താണ് ബൈബിൾ സ്വർഗ്ഗങ്ങൾ എന്നു പറയുന്നയുന്നതെന്നു കൂടി ചിന്തിക്കുമ്പോൾ സ്വ ർഗ്ഗം മുകളിലാണെന്നു പറയുന്നതിൽ എന്തു യുക്തിയാ ണെന്ന് ആരും ചോദിച്ചുപോകും?

എന്നാൽ സ്വർഗ്ഗം മുകളിലുള്ള സ്ഥലമാണെന്ന് ധ്വനി പ്പിക്കുന്ന പല വാക്യങ്ങളും ബൈബിളിലുണ്ട്: "ഒരു വിഗ്ര ഹം ഉണ്ടാക്കരുതു; മിതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കി ലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു." (പുറ, 20: 4, ആവ, 5:8). "ആകയാൽ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും യഹോവ തന്നേ ദൈവം, മറ്റൊരുത്തനുമില്ല എന്നു നീ ഇന്നു അറിഞ്ഞു മനസ്സിൽ വെച്ചുകൊൾക." (ആവ, 4:39). "നിങ്ങളുടെ ദൈവമായ യഹോവ തന്നേ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവം ആകു ന്നു." (യോശു, 2:11). ഇവിടെയൊക്കെ 'മീതെ സ്വർഗ്ഗം' എന്നു വിവക്ഷിച്ചിരിക്കുന്നത് മുകളിലുള്ള ഒരു സ്ഥലമെ ന്ന അർത്ഥത്തിലല്ല. മറിച്ച് സ്വർഗ്ഗത്തിന്റെ ഔന്നത്യം അ ഥവാ ശ്രേഷ്ഠതയാണ് വിവക്ഷ. ഒരുദാഹരണം പറയാം:- ഇന്ത്യയിലെ ഏറ്റവും ഉയർന്നയാൾ രാഷ്ട്രപതിയാണെ ന്നു പറഞ്ഞാൽ അതിനർത്ഥം രാഷ്ട്രപതിയാണ് ഇന്ത്യ യിലെ ഏറ്റവും ഉയർന്ന പ്രദേശത്ത് താമസ്സിക്കുന്നത് എ ന്നാണോ? അല്ലല്ലോ! മറിച്ച് രാഷ്ട്രപതിയാണ് ഏറ്റവും ഉന്നതനായ വ്യക്തി എന്നല്ലേ? ഇനി ചില പ്രയോഗങ്ങൾ ശ്രദ്ധിക്കുക:- 'യഹോവ സകലത്തിനും മീതെ തലവനാ യിരിക്കുന്നു.' (1ദിന, 29:11). 'ദൈവത്തിന്റെ ന്യായവിധി കൾ ഉയരമുള്ളവ.' (സങ്കീ, 10:5). 'ദൈവമേ നീ ആകാ ശത്തിനു മീതെ ഉയർന്നിരിക്കേണമേ.' (സങ്കീ, 57:5,11).

'യഹോവ സർവ്വഭൂ മിക്കും മീതെ അത്യുന്നതൻ.' (സങ്കീ, 83: 18, 97:9). 'യഹോവ സകല ദേവന്മാർക്കും മീതെ മ ഹാരാജാവു.' (സങ്കീ, 95:3). 'യഹോവ സകല ദേവന്മാർ ക്കും മീതെ ഉയർന്നവൻ.' (സങ്കീ, 97:9). 'യഹോവ സക ല ജാതിക്കും മീതെ ഉന്നതൻ.' (സങ്കീ, 99:2). ഇവിടെ യൊക്ക യഹോവ എല്ലാവരേക്കാളും ഉയരത്തിൽ വസി ക്കുന്നവനെന്നാണോ അർത്ഥം? പുതിയനിയമത്തിൽ യേശുവിനെ സകല നാമത്തിനും മീതെ ഇരുത്തിയെ ന്നും (എഫെ, 1:21), സ്വർഗ്ഗാധിസ്വർഗ്ഗത്തിനു മീതെ കയ റിയവനെന്നും (എഫെ, 4:10) പറയുന്നു. അതിനർത്ഥം എല്ലാ പേരുകൾക്കും മുകളിൽ യേശുവിന്റെ പേർ എഴു തിവെച്ചുവെന്നോ, സ്വർഗ്ഗത്തിന്റെ മേൽക്കൂരയ്ക്ക് മുക ളിൽ യേശു കയറി എന്നുമാണോ? ഒരിക്കലുമല്ല. പിന്നെ യോ, ഭൂമിയിലും സ്വർഗ്ഗത്തിലുമുള്ള സകലരേക്കാളും ഉ ന്നതനാക്കിയെന്നും, സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗ ത്തിലും സകല അധികാരവും യേശുവിനു ലഭിച്ചു എന്നു മാണ്. അർത്ഥാൽ സ്വർഗ്ഗം മീതെ/മുക ളിൽ/ഉയരത്തി ൽ എന്നു പറഞ്ഞാൽ സർവ്വ ഭൂമണ്ഡലത്തേക്കാളും ശ്രേ ഷ്ഠമാണെന്നാണ്. ഇനി ദൈവം മീതെ/ മുകളിൽ/ഉയര ത്തിൽ എന്നു പറഞ്ഞാൽ സകല ഭൂരാജാക്കന്മാരേക്കാ ളും ദൈവം ശ്രേഷ്ഠനാണെന്നാണ് മനസ്സിലാക്കേണ്ടത്.

സ്വർഗ്ഗം എവിടെയാണെന്നാണ് നാം ചിന്തിച്ചുകൊണ്ടി രിക്കുന്നത്. ദൈവത്തെക്കൂടാതെ സ്വർഗ്ഗം എവിടെയാ ണെന്ന് കൃത്യമായി അറിയാവുന്ന മറ്റൊരാൾ കൂടിയുണ്ട്. ആൾ ഭോഷ്ക്കിന്റെ അപ്പനാണെങ്കിലും ഇക്കാര്യത്തിൽ നമുക്കയാളെ വിശ്വസിക്കാം. കാരണം സ്വർഗ്ഗം മറ്റാർ ക്കും വാഗ്ദാനം ചെയ്യുകയല്ല, മറിച്ച് തന്റെതന്നേ ഹൃദയ നിരൂപണമാണ് വെളിപ്പെട്ടത്. കക്ഷി വേറെയാരുമല്ല പഴ യ പാമ്പായ ലൂസിഫറാണ്:- "ഞാൻ സ്വർഗ്ഗത്തിൽ കയ

റും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു." (യെശ, 14:13,14). ലൂസിഫറാശാൻ പറയുന്നത് സ്വർഗ്ഗം ഉത്തരദിക്കിൽ ആണെന്നാണ്. അതായത് വടക്കു ഭാഗത്ത്. ടിയാൻ കള്ളനായതുകൊണ്ട് പെട്ടെന്ന് അത് വിശ്വസിക്കണ്ട. പ്രവാചകവാക്യങ്ങളും ഏറ്റവും സ്ഥിരമായിട്ടു നമുക്കുണ്ടല്ലോ. അതും നമുക്ക് പരിശോധിക്കാം. "മഹാരാജാവിന്റെ നഗരമായി ഉത്തരഗിരിയായ സീയോൻ പർവ്വതം ഉയരംകൊണ്ടു മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാകുന്നു." (സങ്കീ, 48:2). മഹാരാജാവായ ദൈവത്തിന്റെ നഗരമായ സീയോൻ ഉത്തരഗിരിയിലാണെന്ന് സങ്കീർത്തനക്കാരായ കോരഹ്പുത്രന്മാരും പറയുന്നു. "നിങ്ങളുടെ കൊമ്പു മേലോട്ടു ഉയർത്തരുതു; ശാഠ്യത്തോടെ സംസാരിക്കയുമരുതു. കിഴക്കുനിന്നല്ല, പടിഞ്ഞാറുനിന്നല്ല, തെക്കുനിന്നുമല്ല ഉയർച്ചവരുന്നതു. ദൈവം ന്യായാധിപതിയാകുന്നു; അവൻ ഒരുത്തനെ താഴ്ത്തുകയും മറ്റൊരുത്തനെ ഉയർത്തുകയും ചെയ്യുന്നു." (സങ്കീ, 75:5-7). കിഴക്കുനിന്നുമല്ല പടിഞ്ഞാറുനിന്നുമല്ല തെക്കുനിന്നുമല്ല ഉയർച്ച വരുന്നതെങ്കിൽ, ഉയർച്ച വരുന്ന സ്വർഗ്ഗം വടക്കാണെന്ന കാര്യത്തിൽ സങ്കീർത്തനക്കാരനായ ആസാഫിനും സംശയമില്ല. "വടക്കുനിന്നു സ്വർണ്ണശോഭപോലെ വരുന്നു; ദൈവത്തിന്റെ ചുറ്റും ഭയങ്കര തേജസ്സുണ്ടു." (ഇയ്യോ, 37:22). വടക്കുനിന്നു സ്വർണ്ണശോഭപോലെ ദൈവത്തിന്റെ തേജസ്സു വരുന്നത് ഭക്തനായ ഇയ്യോബും കാണുന്നുണ്ട്. "ഞാൻ നോക്കിയപ്പോൾ വടക്കുനിന്നു ഒരു കൊടുങ്കാറ്റും വലിയോരു മേ

ഘവും പാളിക്കത്തുന്ന തീയും വരുന്നതു കണ്ടു; അതിന്റെ ചുറ്റും ഒരു പ്രകാശവും അതിന്റെ നടുവിൽ നിന്നു, തീയുടെ നടുവിൽനിന്നു തന്നേ, ശുക്ളസ്വർണ്ണംപോലെ ഒരു കാഴ്ചയും ഉണ്ടായിരുന്നു. അതിന്റെ നടുവിൽ നാലു ജീവികളുടെ സാദൃശ്യം കണ്ടു; അവയുടെ രൂപമോ: അവെക്കു മനുഷ്യസാദൃശ്യം ഉണ്ടായിരുന്നു." (യെഹെ, 1:4,5). ദൈവതേജസ്സ് യെഹെസ്കേൽ ദർശിച്ചതും വടക്കേദിക്കിലാണ്. "ദക്ഷിണമണ്ഡലത്തിൽ നിന്നു കൊടുങ്കാറ്റും ഉത്തരദിക്കിൽനിന്നു കുളിരും വരുന്നു." (ഇയ്യോ, 37:9). കുളിര് സ്വർഗ്ഗത്തിൽ നിന്നല്ലാതെ നരകത്തിൽനിന്ന് സാധ്യമല്ലല്ലോ. "ഉത്തരദിക്കിനെ അവൻ ശൂന്യത്തിന്മേൽ വിരിക്കുന്നു; ഭൂമിയെ നാസ്തിത്വത്തിന്മേൽ തൂക്കുന്നു." (ഇയ്യോ, 26;7). ഉത്തരദിക്കിലും ഭൂമിയെപ്പോലെ വാസയോഗ്യമായ ഒരു സ്ഥലമുണ്ടെന്ന് ഈ വാക്യം സൂചിപ്പിക്കുന്നു. മാത്രമല്ല രണ്ടും ശൂന്യത്തിൽ നില്ക്കുന്നതുകൊണ്ട് മനുഷ്യനിർമ്മിതമല്ല ദൈവനിർമ്മിതമാണെന്നും തെളിയുന്നു. "തന്റെ സിംഹാസനത്തിന്റെ ദർശനം അവൻ മറെച്ചുവെക്കുന്നു; അതിന്മേൽ തന്റെ മേഘം വിരിക്കുന്നു." (ഇയ്യോ, 26:9). ദൈവം സ്വർഗ്ഗത്തിന്റെ ദർശനം മനുഷ്യർക്ക് മറച്ചിരിക്കുന്നതു കൊണ്ടാണ് ശാസ്ത്രജ്ഞന്മാർക്കും വാനനിരീക്ഷകന്മാർക്കും സ്വർഗ്ഗം കണ്ടെത്താൻ കഴിയാത്തത്. "ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല." (1കൊരി, 2:9). സ്വർഗ്ഗം ഉത്തരദിക്കിൽ അഥവാ വടക്കേദിക്കിലാണെന്ന് ഗ്രഹിക്കാൻ ഇത്രയും വാക്യങ്ങൾ മതിയാകും.

ഉത്തരദിക്കെന്നു പറയുമ്പോൾ ഭൂമിയുടെ ഉത്തരദിക്കിലാണ് സ്വർഗ്ഗമെന്നു ധരിക്കണ്ട. പ്രപഞ്ചത്തിന്റെ ഉ

ത്തരദിക്കിലാണെന്നു മനസ്സിലാക്കണം. കാരണം, സ്വർഗ്ഗം ഭൂമിയിലല്ലതന്നെ. മാത്രമല്ല പ്രപഞ്ചത്തിന്റെ വിസ്തീർണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ അതായത്, പ്രപഞ്ചത്തെ വലിയ ഒരു ഫുട്ട്ബോൾ കോർട്ടിനോട് ഉപമിച്ചാൽ ഭൂമിക്ക് അതിലെ ഒരു മൺതരിയുടെ വലിപ്പമെങ്കിലും ഉണ്ടെങ്കിൽ ഭാഗ്യം. പിന്നെങ്ങനെ സ്വർഗ്ഗം ഭൂമിയുടെ ഉത്തരദിക്കിൽ വരും? പ്രപഞ്ചത്തിന്റെ വിസ്തീർണ്ണമറിയുന്നതിനു മുമ്പ് നാം അധിവസിക്കുന്ന ഭൂമിയുൾപ്പെടുന്ന മാതൃഗാലക്സിയെക്കുറിച്ച് അറിയണം. നക്ഷത്രങ്ങളും നക്ഷത്രാവശിഷ്ടങ്ങളും നക്ഷത്രാന്തര മാധ്യമവും തമോദ്രവ്യവും ചേർന്നുള്ള പിണ്ഡമേറിയതും ഗരുത്വാകർഷണത്താൽ ബന്ധിതവുമായ വ്യൂഹമാണ് താരാപദം അഥവാ ഗാലക്സി. ഒരു കോടി മുതൽ ഒരു ലക്ഷം കോടി നക്ഷത്രങ്ങൾ വരെയുള്ള ഗാലക്സികളുണ്ട്. സൂര്യനുൾപ്പെടുന്ന നമ്മുടെ മാതൃഗാലക്സിയാണ് (നക്ഷത്രസമൂഹം) ആകാശഗംഗ അഥവാ ക്ഷീരപദം എന്നറിയപ്പെടുന്നത്. ഇരുപതിനായിരം കോടിയിലേറെ നക്ഷത്രങ്ങൾ ആകാശഗംഗയിലുണ്ടെന്ന് കണക്കാക്കുന്നു. ആയിരക്കണക്കിനു നക്ഷത്രധൂളീപഥങ്ങളും നെബുലകളും ഈ വർത്തുള (Circular) ഗാലക്സിയിലുൾപ്പെടുന്നു. കൂടാതെ സൂര്യനും ഭൂമിയുൾപ്പടെ എട്ടു ഗ്രഹങ്ങളും അവയുടെ അറിയപ്പെടുന്ന ഭൂമിയുടെ ഉപഗ്രഹമായ ചന്ദ്രനുൾപ്പടെ 173 ഉപഗ്രഹങ്ങളും, അഞ്ച് കുള്ളൻ ഗ്രഹങ്ങളും അവയുടെ എട്ടു ഉപഗ്രഹങ്ങളും, ധൂമകേതുക്കൾ, ഉൾക്കകൾ, ക്ഷുദ്രഗ്രഹങ്ങൾ, ധൂളിപടലങ്ങൾ തുടങ്ങി ചെറുതും വലുതുമായ ലക്ഷക്കണക്കിനു വസ്തുക്കൾ ഉൾപ്പെടുന്ന സംവിധാനമായ സൗരയൂഥവും ഗാലക്സിയിലുൾപ്പെടുന്നു. ഗ്രഹങ്ങളിൽ താരതമ്യേന വലിപ്പം കുറവാണ് നമ്മുടെ ഭൂമിക്ക്. ഭൂമിയുടെ പിണ്ഡത്തിന്റെ 14 മടങ്ങ്

യുറാനസിനും, 17 മടങ്ങ് നെപ്ട്യൂണിനും, 95 മടങ്ങ് ശനിക്കും, 118 മടങ്ങ് വ്യാഴത്തിനും, 3.3 ലക്ഷം മടങ്ങ് പിണ്ഡം സൂര്യനും, സൂര്യനേക്കാൾ 6 മടങ്ങുവരെ പിണ്ഡം നമ്മുടെ മാതൃഗാലക്സിയിലെ നക്ഷത്രങ്ങൾക്കുമുണ്ട്. സൂര്യന്റെ 75,000 കോടി മുതൽ 1ലക്ഷം കോടിവരെ പിണ്ഡം ആകാശഗംഗയ്ക്കുണ്ടെന്നു കണക്കാക്കുന്നു. ഗ്യാലക്സിയുടെ വ്യാസം 1ലക്ഷം പ്രകാശവർഷമാണ് 3 ഭീമൻ ഗ്യാലക്സികളും 30 ചെറു ഗ്യാലക്സികളും ഉൾപ്പെടുന്ന പ്രാദേശികഗ്രൂപ്പ് എന്ന ഗാലക്സീഗണത്തിലാണ് ആകാശഗംഗ ഉൾപ്പെടുന്നത്. ഈ ഗണത്തിലെ രണ്ടാമത്തെ വലിയ ഗ്യാലക്സിയാണ് ആകാശഗംഗ. അഥവാ ആകാശഗംഗയേക്കാൾ വലിപ്പമേറിയ 'ആൻഡ്രോമിഡ ഗ്യാലക്സി' എന്നൊരണ്ണം പ്രാദേശികഗ്രൂപ്പിൽ ഉണ്ടെന്നർത്ഥം. ആകാശഗംഗയുടെ കേന്ദ്രത്തിൽനിന്ന് 25,000 പ്രകാശവർഷം അകലെയാണ് സൂര്യന്റെ സ്ഥാനം. സെക്കന്റിൽ 225 കി.മീറ്റർ അഥവാ മണിക്കൂറിൽ 8,10000 കി. മീറ്റർ വേഗത്തിൽ ആകാശഗംഗയുടെ കേന്ദ്രത്തെ വലംവെയ്ക്കുന്ന സൂര്യൻ ഒരു പ്രാവശ്യം ചുറ്റാൻ എടുക്കുന്ന സമയമാണ് 'കോസ്മിക് ഇയർ' എന്നറിയപ്പെടുന്നത്. ഇത് 22.8 കോടി വർഷമാണ്. ഒരു ഗ്യാലക്സിയുടെ വലിപ്പമറിയാനാണ് ഇത്രയും പറഞ്ഞത്. ദൃശ്യപ്രപഞ്ചത്തിൽ ഇതുപോലെ പതിനായിരം കോടിയിൽപരം ഗ്യലക്സികളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അറിയപ്പെടുന്നതിൽ ഏറ്റവും അകലെയുള്ള ഗാലക്സിയെ ഒരു അന്താരാഷ്ട്ര ഗവേഷകസംഘം 2015-ൽ കണ്ടെത്തി. ഹാവായിൽ കെക് ഒബ്സര്വേറ്ററിയിൽ നടന്ന നിരീക്ഷണത്തിലാണ് EGSzs8-1 എന്ന ഈ ഗാലക്സിയെ തിരിച്ചറിഞ്ഞത്. അത് ഭൂമിയിൽനിന്ന് 1300 കോടി പ്രകാശവർഷം അകലെയാണ് സ്ഥിതി ചെയ്യുന്നത്.

പ്രപഞ്ചത്തിന്റെ വലിപ്പത്തെക്കുറിച്ച് കൃത്യമായൊരു ധാരണ ശാസ്ത്രലോകത്തിന് ഇപ്പോഴുമില്ല. ഒരപക്ഷേ കോടാനുകോടി പ്രകാശവർഷങ്ങൾ വ്യാപിച്ചു കിടക്കുന്ന ഒന്നാകാം പ്രപഞ്ചമെന്നാണ് അവരുടെ നിഗമനം. ആകെ അറിയാവുന്നത് മനുഷ്യർക്ക് നിരീക്ഷിക്കാൻ കഴിയുന്ന പ്രപഞ്ചഭാഗത്തെ (Observable Universe) കുറിച്ചാണ്. അത് ഏതു ദിശയിലേക്കു നോക്കിയാലും ഭൂമിയിൽ നിന്നു ദൃശ്യമായ അതിരിലേക്ക് 4650 കോടി പ്രകാശവർഷം ദൂരമുണ്ട്. ഒരു പ്രകാശവർഷമെന്നാൽ ഒരു വർഷം കൊണ്ട് പ്രകാശം സഞ്ചരിക്കുന്ന ദൂരമാണെന്നോർക്കണം. പ്രകാശം ഒരു സെക്കന്റിൽ 3 ലക്ഷം കി.മീറ്റർ സഞ്ചരിക്കും. അതായത് 3ലക്ഷംx60x60x24x365.25= 9467280000000000 ഇത്രയും കി.മീറ്ററാണ് ഒരു പ്രകാശവർഷം. ഒരു പ്രകാശവർഷം എന്നതുതന്നെ കാൽക്കുലേറ്റർ അടിച്ചു പോകുന്ന കണക്കാണ്. ഇനി പ്രപഞ്ചത്തിന്റെ വലിപ്പം. 1പ്രകാശവർഷംx4650 കോടിx4650 കോടി = 204706300000000000000000000000000000000 ഇത്രയും ച. കി.മീറ്ററാണ് ദൃശ്യപ്രപഞ്ചത്തിന്റെ വിസ്തീർണ്ണം. മനുഷ്യർക്ക് ദൃശ്യമായ പ്രപഞ്ചമെന്ന് പറയുന്നത് മുഴുപ്രപഞ്ചത്തിന്റെയും ചെറിയൊരു ഭാഗം മാത്രമാണെന്നുമോർക്കണം. ഇനി ഭൂമിയുടെ വലിപ്പം നോക്കാം. ഭൂമിയുടെ ആകെ വിസ്തീർണ്ണത്തിന്റെ 29% കരയും, 71% കടലുമാണ്. കരഭാഗം 148,400,000 ച.കി.മീറ്ററും, കടൽഭാഗം 361,30 0,000 ച.കി.മീറ്ററുമാണ്. ആകെ വിസ്തീർണ്ണം 509,700, 000 ച.കി.മീറ്റർ. കൂലങ്കഷമായി നാം ഇത്രയും കാര്യങ്ങൾ ചിന്തിച്ചത് സ്വർഗ്ഗം ഉത്തരദിക്കിലാണെങ്കിലും അത് കേവലം ഭൂമിയുടെ ഉത്തരദിക്കില്ല മറിച്ച് പ്രപഞ്ചത്തിന്റെ ഉത്തരദിക്കിലാണെന്ന് മനസ്സിലാക്കാനാണ്. ഒപ്പം പ്രപഞ്ചമെത്ര വലുതാണെന്നും,

ആ പ്രപഞ്ചത്തിൽ ഗ്യാലക്സികൾ എത്ര ചെറുതാണെന്നും, ആ ഗ്യാലക്സികളിൽ നമ്മുടെ ക്ഷീരപഥം എത്ര ചെറുതാണെന്നും, ആ ക്ഷീരപഥത്തിൽ നമ്മുടെ ഭൂമി എത്ര ചെറുതാണെന്നും, ആ ഭൂമിയിൽ വസിക്കുന്ന മനുഷ്യനെത്ര നിസ്സാരനാണെന്നു ഗ്രഹിക്കുവാനുമാണ്. ദൈവത്തിന്റെ മഹത്തും ആഗോചരവുമായ സൃഷ്ടിവൈഭവത്തിന്റെ ആഴമറിയുന്ന ഏതൊരു ഭക്തനും അവനെ അടിവണങ്ങിക്കൊണ്ട് സങ്കീർത്ത നക്കാരനോട് ചേർന്ന് പറയും: "ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു. നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിനു അവൻ എന്തു? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിനു അവൻ എന്തുമാത്രം?" (സങ്കീ, 19:1, 8:3,4).

## 3. സ്വർഗ്ഗങ്ങൾ

ഒന്നിലധികം സ്വഗ്ഗമുണ്ടെന്നു പറഞ്ഞാൽ പലർക്കുമത് വിശ്വസിക്കാൻ ബുദ്ധിമുട്ടാകും. ഹൈന്ദവ പുരാണങ്ങൾ അനുസരിച്ച് സ്വർഗ്ഗങ്ങൾ ഏഴാണ്. ഖുറാനിൽ സ്വർഗ്ഗമെന്നും (41:30, 79:41), സ്വർഗ്ഗത്തോപ്പുകൾ (18:31, 22: 23, 35:33), എന്നും കാണുന്നു. സ്വർഗ്ഗലോകത്ത് ഒരുപാട് സ്വർഗ്ഗങ്ങളുണ്ട്. സ്വർഗ്ഗത്തിന് എട്ടു കവാടങ്ങളും ഉണ്ട്. ഓരോരുത്തരുടെയും സൽകർമ്മങ്ങളുടെ തോതനുസരിച്ച് വ്യത്യസ്ത സ്വർഗ്ഗങ്ങളിലായിരിക്കും പ്രവേശിപ്പിക്കപ്പെടുകയെന്നാണ് ഹദീസുകളിൽ കാണുന്നത്. യെഹൂദാറബ്ബികളുടെ വീക്ഷണത്തിൽ സ്വർഗ്ഗങ്ങൾ ഏഴാണ്: 'അറഫേൽ' (Araphel) (പുറ, 20:21, ആവ, 4:11, 5:22). സത്യവേദപുസ്തകത്തിൽ 'ഇരുൾ/അന്ധകാരം' എന്നു

തർജ്ജമ. ഈ പദം 15 പ്രാവശ്യമുണ്ട്. 'റാഖിയ' (Raqia) (ഉല്പ, 1:6, 7, 8, 14, 15). സത്യവേദപുസ്തകത്തിൽ വിതാനം എന്നു തർജ്ജമ. ഈ പദം 16 പ്രാവശ്യമുണ്ട്. 'ഷെഹാഖിം' (Shehaqim) (ആവ, 33:26, 2ശമു, 22:12, ഇയ്യോ, 35:5). സത്യവേദപുസ്തകത്തിൽ 'മേഘം' എന്നു തർജ്ജമ. ഈ പദം 24 പ്രാവശ്യമുണ്ട്. 'സെബൂൽ' (Zebul) (1രാജാ, 8:13, 2ദിന, 6:2, സങ്കീ, 6:2). സത്യവേദപുസ്തകത്തിൽ 'നിവാ ൺസാലയം/പാർപ്പിടം' എന്നൊക്കെ തർജ്ജമ. പഴയനിയമത്തിൽ 5 സ്ഥാനങ്ങളിലുണ്ട്. 'മാഓൺ' (Maon) (ആവ, 26: 15, 1ശമു, 2:29, 32). സത്യവേദപുസ്തകത്തിൽ 'വാസസ്ഥലം/തിരുനിവാസം എന്നൊക്കെ തർജ്ജമ. പഴയനിയമത്തിൽ 15 സ്ഥാനങ്ങളിലുണ്ട്. 'മകോൻ' (Makon) (പുറ, 15:7, 1രാജ, 8:3, 39, 43). സത്യവേദപുസ്തകത്തിൽ സ്ഥലം/വാസസ്ഥലം എന്നു തർജ്ജമ. 17 സ്ഥാനങ്ങളിലുണ്ട്. 'അറബോത്തു' (Arab-oth) (സംഖ്യാ, 22:1, സങ്കീ, 68:4, യിര, 5:6). സത്യവേദപുസ്തകത്തിൽ 'സമഭൂമി/മരുഭൂമി/മരുപ്രദേശം എന്നൊക്കെ തർജ്ജമ. 57 പ്രാവശ്യം ഈ പദമുണ്ട്. പക്ഷെ ദൈവത്തോടു ചേർത്ത് ചിലയിടത്ത് മാത്രമേയുള്ളു. ഉദാ: "മരുഭൂമിയിൽകൂടി വാഹനമേറി വരുന്നവനു വഴി നിരത്തുവിൻ; യാഹ് എന്നാകുന്നു അവന്റെ നാമം; അവന്റെ മുമ്പിൽ ഉല്ലസിപ്പിൻ." (സങ്കീ, 68:4). (യെഹൂദാ വിശ്വവിജ്ഞാനകോശം, V:6 P:298). എല്ലാ മതസ്ഥരുടേയും സ്വർഗ്ഗസങ്കല്പം വിഭന്നങ്ങളാണെന്ന് മനസ്സിലാക്കാനാണ് ഇത്രയും പറഞ്ഞത്. എന്നാൽ എത്ര സ്വർഗ്ഗമുണ്ടെന്ന് ബൈബിൾ കൃത്യമായി പഠിപ്പിക്കുന്നുണ്ട്. ഉല്പത്തി 1:1-ൽ "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." ഈ ഭാഗത്ത് ആകാശം എന്നു പറഞ്ഞിരിക്കുന്ന 'ഷാമയീം' എന്ന എബ്രായപദം ബഹുവചനമാണ്. 'ആകാശ

ങ്ങൾ (സ്വർഗ്ഗങ്ങൾ) എന്നാണ് തർജ്ജമ ചെയ്യേണ്ടത്. ഇത് സ്വർഗ്ഗം ഒന്നിലധികമുണ്ടെന്നു സൂചിപ്പിക്കുന്നു. മാത്രമല്ല ഒരു മൂന്നാം സ്വർഗ്ഗത്തെക്കുറിച്ച് 2കൊരി, 12:2-ൽ അപ്പൊസ്തലൻ പറഞ്ഞിട്ടുണ്ട്. ഒന്നും രണ്ടും സ്വർഗ്ഗങ്ങളെ കൂടാതെ ഒരു മൂന്നാം സ്വർഗ്ഗം ഉണ്ടാകുക സ്വാഭാവികമല്ല. തന്മൂലം കൃത്യമായി മൂന്നു സ്വർഗ്ഗത്തെക്കുറിച്ചാണ് ബൈബിൾ പഠിപ്പിക്കുന്നതെന്ന് മനസ്സിലാക്കാം. ലൂസിഫറാശാന്റെ മനോനിരൂപണം ക്രമപ്പെടുത്തിയാൽ ഈ സ്വർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് അറിയാൻ കഴിയും. "ഞാൻ സ്വർഗ്ഗത്തിൽ കയറും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും (ഒന്നാം സ്വർഗ്ഗം); എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും (രണ്ടാം സ്വർഗ്ഗം); ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും (മൂന്നാം സ്വർഗ്ഗം); ഞാൻ അത്യുന്നതനോടു സമനാകും” എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു." (യെശ, 14: 13,14).

മുഴു പ്രപഞ്ചം: സ്വർഗ്ഗങ്ങളും നക്ഷത്രങ്ങളും ഭൂമിയും സമുദ്രങ്ങളുമടങ്ങുന്ന മുഴുപ്രപഞ്ചത്തെയും കുറിക്കുന്ന വേദഭാഗങ്ങൾ: "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു." (ഉല്പ, 1:1). "പകൽ വാഴേണ്ടതിന്നു വലിപ്പമേറിയ വെളിച്ചവും രാത്രി വാഴേണ്ടതിന്നു വലിപ്പം കുറഞ്ഞ വെളിച്ചവും ആയി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി; നക്ഷത്രങ്ങളെയും ഉണ്ടാക്കി." (ഉല്പ, 1:16). "ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി." (പുറ, 20:11). "നീ, നീ മാത്രം യഹോവ ആകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെ

യും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു; ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു." (നെഹെ, 9:6). "അവൻ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കി; അവൻ എന്നേക്കും വിശ്വസ്തത കാക്കുന്നു." (സങ്കീ, 146:6). "ലോകവും അതിലുള്ളതു ഒക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിന്നും ഭൂമിക്കും നാഥനാകകൊണ്ടു." (അപ്പൊ, 17:24).

ഒന്നാംസ്വർഗ്ഗം: മേഘമണ്ഡലം അഥവാ അന്തരീക്ഷമണ്ഡലം: ഇതു പക്ഷികളുടെയും മേഘങ്ങളുടെയും സ്വർഗ്ഗമാണ്. "ആകാശത്തിലെ (സ്വർഗ്ഗം) പറവകളിൽനിന്നു പൂവനും പിടയുമായി ഏഴേഴും, ഭൂമിയിലൊക്കെയും സന്തതി ശേഷിച്ചിരിക്കേണ്ടതിന്നു നീ ചേർത്തുകൊള്ളേണം." (ഉല്പ, 7:3). "ആകാശത്തിലെ (സ്വർഗ്ഗം) പറവകളെ നോക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നില്ല, കളപ്പുരയിൽ കൂട്ടിവെക്കുന്നതുമില്ല എങ്കിലും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു അവയെ പുലർത്തുന്നു; അവയെക്കാൾ നിങ്ങൾ ഏറ്റവും വിശേഷതയുള്ളവരല്ലയോ." (മത്താ, 6:26). "യേശു അവനോടു: കുറുനരികൾക്കു കുഴികളും ആകാശത്തിലെ (സ്വർഗ്ഗം) പറവകൾക്കു കൂടുകളും ഉണ്ടു; മനുഷ്യപുത്രന്നോ തലചായിപ്പാൻ ഇടം ഇല്ല എന്നു പറഞ്ഞു." (മത്താ, 8:20). "അല്ലാഞ്ഞാൽ യഹോവയുടെ ക്രോധം നിങ്ങളുടെ നേരെ ജ്വലിച്ചിട്ടു മഴ പെയ്യാതിരിക്കേണ്ടതിന്നു അവൻ ആകാശത്തെ (സ്വർഗ്ഗം) അടെച്ചു കളകയും ഭൂമി അനുഭവം തരാതിരിക്കയും യഹോവ നിങ്ങൾക്കു തരുന്ന നല്ല ദേശത്തുനിന്നു നിങ്ങൾ വേഗം നശിച്ചുപോകയും ചെയ്യും." (ആവ, 11:17). "യഹോവേ, നീ സേയീരിൽനിന്നു പുറപ്പെടുകയിൽ, ഏദോമ്യദേശത്തു കൂടി നീ നടകൊൾകയിൽ, ഭൂമി കുലുങ്ങി, ആകാശം (സ്വർഗ്ഗം) പൊഴിഞ്ഞു, മേഘങ്ങൾ

വെള്ളം ചൊരിഞ്ഞു." (ന്യായാ, 5:4). "എങ്കിലും അവൻ നന്മചെയ്കയും ആകാശത്തുനിന്നു (സ്വർഗ്ഗം) മഴയും ഫലപുഷ്ടിയുള്ള കാലങ്ങളും നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ചു സാക്ഷ്യം തരാതിരുന്നിട്ടില്ല." (അപ്പൊ, 14:17).

രണ്ടാംസ്വർഗ്ഗം: നക്ഷത്രമണ്ഡലം: "നീ ആകാശ (സ്വർഗ്ഗം) സൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്." (ആവ, 4:19). "നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും (സ്വർഗ്ഗം) നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ." (സങ്കീ, 8:3). "ആകാശത്തിലെ (സ്വർഗ്ഗം) നക്ഷത്രങ്ങളും നക്ഷത്രരാശികളും പ്രകാശം തരികയില്ല; സൂര്യൻ ഉദയത്തിങ്കൽ തന്നേ ഇരുണ്ടു പോകും; ചന്ദ്രൻ പ്രകാശം നല്കുകയുമില്ല." (യെശ, 13:0). "തങ്ങൾ സ്നേഹിച്ചതും സേവിച്ചതും പിഞ്ചെന്നു അന്വേഷിച്ചതും നമസ്കരിച്ചതുമായ സൂര്യന്നും ചന്ദ്രന്നും ആകാശത്തിലെ (സ്വർഗ്ഗം) സർവ്വസൈന്യത്തിന്നും മുമ്പാകെ അവയെ നിരത്തിവെക്കും; ആരും അവയെ പെറുക്കിക്കൂട്ടുകയോ കുഴിച്ചിടുകയോ ചെയ്കയില്ല; അവ നിലത്തിന്നു വളമായിത്തീരും എന്നു യഹോവയുടെ അരുളപ്പാടു." (യിര, 8:2). "നിന്നെ കെടുത്തുകളയുമ്പോൾ ഞാൻ ആകാശത്തെ (സ്വർഗ്ഗം) മൂടി അതിലെ നക്ഷത്രങ്ങളെ കറുപ്പുടുപ്പിക്കും; ഞാൻ സൂര്യനെ മേഘംകൊണ്ടു മറെക്കും; ചന്ദ്രൻ പ്രകാശം നല്കുകയും ഇല്ല." (യെഹെ, 32:7). "അവരുടെ മുമ്പിൽ ഭൂമി കുലുങ്ങുന്നു; ആകാശം (സ്വർഗ്ഗം) നടുങ്ങുന്നു; സൂര്യനും ചന്ദ്രനും ഇരുണ്ടുപോകുന്നു; നക്ഷത്രങ്ങൾ പ്രകാശം നല്കാതിരിക്കുന്നു." (യോവേ,

2:10).

മൂന്നാംസ്വർഗ്ഗം, സ്വർഗ്ഗാധിസ്വർഗ്ഗം: "എന്നാൽ ദൈവം യഥാർത്ഥമായി ഭൂമിയിൽ വസിക്കുമോ? സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും നീ അടങ്ങുകയില്ലല്ലോ; പിന്നെ ഞാൻ പണിതിരിക്കുന്ന ഈ ആലയത്തിൽ അടങ്ങുന്ന തു എങ്ങനെ?" (1രാജാ, 8:27). "ഈ സ്ഥലത്തുവെച്ചു പ്രാർത്ഥിപ്പാനിരിക്കുന്ന അടിയന്റെയും നിന്റെ ജനമായ യിസ്രായേലിന്റെയും യാചന കേൾക്കേണമേ. നിന്റെ വാ സസ്ഥലമായ സ്വർഗ്ഗത്തിൽ കേൾക്കേണമേ; കേട്ടു ക്ഷ മിക്കേണമേ." (1രാജാ, 8:30). "നീ നിന്റെ വാസസ്ഥലമാ യ സ്വർഗ്ഗത്തിൽ അവരുടെ പ്രാർത്ഥനയും യാചനയും കേട്ടു അവർക്കു ന്യായം പാലിച്ചുകൊടുത്തു." (1രാജാ, 8:49). "സ്വർഗ്ഗം യഹോവയുടെ സ്വർഗ്ഗമാകുന്നു; ഭൂമിയെ അവൻ മനുഷ്യർക്കു കൊടുത്തിരിക്കുന്നു." (സങ്കീ, 5: 16). "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എ ന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എ ന്റെ വിശ്രാമസ്ഥലവും ഏതു?" (യെശ, 66:1). "ക്രിസ്തു വിലുള്ള ഒരു മനുഷ്യനെ ഞാൻ അറിയുന്നു: അവൻ പ തിന്നാലു സംവത്സരം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം എ ടുക്കപ്പെട്ടു; ശരീരത്തോടെയോ എന്നു ഞാൻ അറിയു ന്നില്ല, ശരീരം കൂടാതെയോ എന്നുമറിയുന്നില്ല; ദൈവം അറിയുന്നു. ആ മനു ഷ്യൻ പരദീസയോളം എടുക്കപ്പെ ട്ടു; ശരീരത്തോടെയോ ശരീരം കൂടാതെയോ എന്നു ഞാ ൻ അറിയുന്നില്ല; ദൈവം അറിയുന്നു." (2കൊരി, 12:2,3).

### 4. സ്വർഗ്ഗം വാസസ്ഥലമാണ്

സ്വർഗ്ഗവും നരകവും മിഥ്യയാണെന്ന് കരുതുന്നവരു

ണ്ട്. ദുഷ്പ്രവൃത്തികളിൽ നിന്ന് പിൻതിരിഞ്ഞ് സന്മർഗ്ഗികജീവിതം നയിക്കാൻ മതാചാര്യന്മാർ ബോധപൂർവ്വം സൃഷ്ടിച്ചുണ്ടാക്കിയ സങ്കല്പമാണ് സ്വർഗ്ഗമെന്ന് കരുതുന്നവരുമുണ്ട്. ഒരുപക്ഷെ അങ്ങനെയുള്ള സ്വർഗ്ഗങ്ങൾ ഉണ്ടായേക്കാം. എന്നാൽ ബൈബിൾ പഠിപ്പിക്കുന്ന സ്വർഗ്ഗം യാഥാർത്ഥ്യവും നിസ്തുലവുമാണ്. ദൈവം വസിക്കുന്നതും ദൈവത്തിന്റെ സിംഹാസനം ഇരിക്കുന്നതും സ്വർഗ്ഗത്തിലാണെന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു: "നീ നിന്റെ വാസസ്ഥലമായ സ്വർഗ്ഗത്തിൽ അവരുടെ പ്രാർത്ഥനയും യാചനയും കേട്ടു അവർക്കു ന്യായം പാലിച്ചു കൊടുത്തു," (1രാജാ, 8:49). "യഹോവ തന്റെ സിംഹാസനത്തെ സ്വർഗ്ഗത്തിൽ സ്ഥാപിച്ചിരിക്കുന്നു; അവന്റെ രാജത്വം സകലത്തെയും ഭരിക്കുന്നു." (സങ്കീ, 103: 19). ഈ വേദഭാഗങ്ങളും പരിശോധിക്കുക: (ആവ, 26: 15, 1രാജാ, 8:30, 39, 8:43, 8:49, 1ദിന, 16:31, 21:26, 2ദിന, 2:6, 6:18, 21, 27, 30, 33, 35, 39, 7:14, 30:27, നെഹെ, 9:27, ഇയ്യോ, 22:12, 14, സങ്കീ, 2:4, 11:4, 20:6, 33:13, 102:22, 103:19, 113:5, 123:1, സഭാ, 5:2, യെശ, 57:15, 63:15, 66:1, യിര, 23:24, വിലാ, 3:41, 3:49, ദാനി, 2:18, 19, 29, 37, 44, 5:23, സെഖ, 2:13. മത്താ, 3:17, 5:16, 5:34, 45, 48, 6:1, 9, 10, 14, 26, 32, 7:11, 21, 10:32-33, 11:25, 12:50, 15:13, 16:17, 18:11, 4, 19, 35, 23:9, 22, 24:26, മർക്കൊ, 11:25-26, 32, 16:19, ലൂക്കൊ, 3:32, 10:21, 11:2, 13, അപ്പൊ, 7:49, 56, 17:24, റോമ, 1:18, എബ്രാ, 8:1, 12: 22, 1പ ത്രൊ, 3:22, വെളി, 4:2, 5:13). സ്വർഗ്ഗീയ സൈന്യമായ ദൂതന്മാർ വസിക്കുന്നതും സ്വർഗ്ഗത്തിലാണ്: "ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു; കർത്താവു അവരുടെ ഇടയിൽ, സീനായിൽ, വിശുദ്ധമന്ദിരത്തിൽ തന്നേ." (സങ്കീ, 68:

17). "സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു." (മത്താ, 18: 11). ഈ വേദഭാഗങ്ങളും പരിശോധിക്കുക: (ഉല്പ, 28:12, സങ്കീ, 104:4, 148:2, മത്താ, 18: 1, 22:30, 24:36, 26:53, മർക്ക, 12:25, 13:32, ലൂക്കൊ, 2:15, 4:0, 9:26, 12:8-9, 15:9, എബ്രാ, 12:22, 1പത്രൊ, 3:22, 2പത്രൊ, 2:11, വെളി, 3:5, 5:11, 7:11, 8:2, 12:7, 15:1). സ്വർഗ്ഗത്തിൽ നിന്നാണ് ക്രിസ്തു ജഡധാരണത്തിനു വേണ്ടി ഇറങ്ങിവന്നത്: "സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവന്നവനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറീട്ടില്ല." (യോഹ, 3: 13, 31). "ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടമത്രേ ചെയ്വാൻ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നിരിക്കുന്നതു." (യോഹ, 6:38). ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തു ആകാശമേഘങ്ങളിലൂടെ (എബ്രാ, 4:14) കരേറിപ്പോയതും സ്വർഗ്ഗത്തേക്കാണ്: "ഇങ്ങനെ കർത്താവായ യേശു അവരോടു അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്കു എടുക്കപ്പെട്ടു. ദൈവത്തിന്റെ വലത്തുഭാഗത്തു ഇരുന്നു." (മത്താ, 16:19). ഈ വേദഭഗങ്ങളും പരിശോധിക്കുക: (മത്താ, 22:44, 26:64, മർക്കൊ, 14:62, ലൂക്കൊ, 22:69, അപ്പൊ, 2:35, 7:55, 56, റോമ, 8:34, എഫെ, 1:21, കൊലൊ, 3:1, എബ്രാ, 1:3, 13, 8:1, 10:12, 12:2, 1പത്രൊ, 3:22). പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവ് അവരോഹണം ചെയ്തതും സ്വർഗ്ഗത്തിൽ നിന്നാണ്: "സ്വർഗ്ഗത്തിൽ നിന്നു അയച്ച പരിശുദ്ധാത്മാവിനാൽ നിങ്ങളോടു സുവിശേഷം അറിയിച്ചവർ അതു ഇപ്പോൾ നിങ്ങളെ ഗ്രഹിപ്പിച്ചിരിക്കുന്നു. അതിലേക്കു ദൈവദൂതന്മാരും കുനിഞ്ഞുനോക്കുവാൻ ആഗ്രഹിക്കുന്നു." (1പത്രൊ, 1:12). വീണ്ടുംജനിച്ച ദൈവമക്ക

ൾക്ക് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്ന അവകാശമെന്ന പ്രതിഫലമാണ് സ്വർഗ്ഗം: "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ടു; ഇല്ലെങ്കിൽ ഞാൻ നിങ്ങളോടു പറയുമായി രുന്നു. ഞാൻ നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും." (യോഹ, 14:2,3). ഇതും നോക്കുക: (1കൊരി, 5:1, 1പത്രൊ, 1:4-5, 5:10, 2പത്രൊ, 2:11). ക്രൂശിലെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ച് സൽഗുണപൂർത്തി വന്നവരെ (സഭയെ) ചേർക്കാൻ യേശുക്രിസ്തു സ്വർഗ്ഗത്തിൽ നിന്നാണ് ഇറങ്ങിവരുന്നത്: "കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."(1തെസ്സ, 4:16 -17).

## 5. സ്വർഗ്ഗത്തിന്റെ സവിശേഷതകൾ

സ്വർഗ്ഗം ഒരു യാഥാർത്ഥ്യമാണെന്ന് വിശ്വസിക്കുന്നവരിൽ തന്നെ പല തെറ്റിദ്ധാരണകളും നിലനില്ക്കുന്നുണ്ട്. ഹൈന്ദവ വിശ്വാസപ്രകാരം മനുഷ്യർ സുകൃത ജന്മങ്ങളായും നികൃഷ്ഠജന്മങ്ങളായും പക്ഷിമൃഗാദികളായും പുനർജീവിച്ചും മരിച്ചും ഒടുവിൽ പാപമെല്ലാം തീരുമ്പോൾ ബ്രംഹ്മത്തിൽ (ദൈവം) ലയിച്ചു ചേരുമെന്നാണ് വിശ്വ

സിക്കുന്നത്. കത്തോലിക്കരാകട്ടെ, ശുദ്ധീകരണസ്ഥലത്ത് എത്തിപ്പെട്ടശേഷം പാപം മോചിച്ചു കിട്ടുന്നതനുസരിച്ച് എല്ലാവരും സ്വർഗ്ഗത്തിൽ ചെല്ലുമെന്ന് പഠിപ്പിക്കുന്നു. ശലോമോൻ പറയുന്നു; "പൊടി പണ്ടു ആയിരുന്നതുപോലെ ഭൂമിയിലേക്കു തിരികെ ചേരും; ആത്മാവു അതിനെ നല്കിയ ദൈവത്തിന്റെ അടുക്കലേക്കു മടങ്ങിപ്പോകും." (സഭാ, 12:7). ഈ വാക്യവും പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ആദാമ്യപാപമാണ് മനുഷ്യരുടെ പാപത്തിനും മരണത്തിനും കാരണമെന്നതുകൊണ്ടും, ആ പാപത്തിനു പ്രായശ്ചിത്തമായി സകല മനുഷ്യർക്കും വേണ്ടിയാണ് ക്രിസ്തുവിന്റെ ക്രൂശുമരണം എന്നതുകൊണ്ടും, എല്ലാ മനുഷ്യരും ഒടുവിൽ രക്ഷപ്രാപിക്കുമെന്നും സ്വർഗ്ഗത്തിൽ എത്തിപ്പെടുമെന്നും വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവരുമുണ്ട്. എന്നാൽ ശലോമോൻ പറഞ്ഞത് വാസ്ഥവമാണ്. ആത്മാവിനെ നൽകിയ ദൈവത്തിന്റെ അടുക്കലേക്ക് ഒരുനാൾ എല്ലാ ആത്മാക്കളും മടങ്ങിച്ചെല്ലും. അതുപക്ഷെ ന്യായവിധി ദിവസത്തിലാണെന്നു മാത്രം. ദൈവസന്നിധിയിൽ ഒരു ജീവന്റെ പുസ്തകവും അതിനൊത്ത ന്യായവിസ്താരവും അതിനടുത്ത ന്യായവിധിയും നടക്കുമെന്ന് പഴയനിയമവും പുതിയനിയമവും വ്യക്തമാക്കുന്നു. "ഞാൻ വലിയോരു വെള്ളസിംഹാസനവും അതിൽ ഒരുത്തൻ ഇരിക്കുന്നതും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും ആകാശവും ഓടിപ്പോയി; അവയെ പിന്നെ കണ്ടില്ല. മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ നില്ക്കുന്നതും കണ്ടു; പുസ്തകങ്ങൾ തുറന്നു; ജീവന്റെ പുസ്തകം എന്ന മറ്റൊരു പുസ്തകവും തുറന്നു; പുസ്തകങ്ങളിൽ എഴുതിയിരുന്നതിന്നു ഒത്തവണ്ണം മരിച്ചവർക്കു അവരുടെ പ്രവൃത്തികൾക്കടുത്ത ന്യായവിധി ഉണ്ടാ

യി." (വെളി, 20:11-12, ദാനി, 7:9-10, 12:1-3). ന്യായാധിപതിയായ കർത്താവു എല്ലാവർക്കുംവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത യേശുക്രിസ്തു ആയിരിക്കും. (യോഹ, 5:22, 27, 9:39, അപ്പൊ, 17:31).

ബൈബിളിൽ സ്വർഗ്ഗത്തെക്കുറിച്ചുള്ള വിവരങ്ങൾ താരതമ്യേന കുറവാണ്. സ്വർഗ്ഗത്തിന്റെ കാഴ്ച മനുഷ്യർക്കു മറച്ചിരിക്കുന്നതുപോലെ (ഇയ്യോ, 26:9), സ്വർഗ്ഗത്തിലെ സൌഭാഗ്യങ്ങളും ദൈവം മനുഷ്യർക്കു മറച്ചിരിക്കുകയാണ്. (1കൊരി, 2:9). എങ്കിലും തന്നിരിക്കുന്ന വിവരണമനുസരിച്ച് സ്വർഗ്ഗത്തിന്റെ സവിശേഷതകൾ ഇതാണ്: സ്വർഗ്ഗം ദൈവത്തിന്റെ വാസസ്ഥലമാണ് (1രാജാ, 8:30, മത്താ, 8:9), ദൈവത്തിന്റെ സിംഹാസനം സ്വർഗ്ഗത്തിലാണ് (സങ്കീ, 11:4, യെശ, 66:1, അപ്പൊ, 7:49), പരമാധികാരി ദൈവമാണ് (സങ്കീ, 135:6, ദാനി, 4:35), കർതൃത്വം ദൈവത്തിനാണ് (ഉല്പ, 14:19, മത്താ, 11:25), സ്വർഗ്ഗം നിറഞ്ഞിരിക്കുന്നവനാണ് ദൈവം (1രാജാ, 8:27, യിര, 23:24), സ്വർഗ്ഗം നിത്യമാണ് (2കൊരി, 5:1), പരിശുദ്ധമാണ് (ആവ, 26:15, സങ്കീ, 20:6), ശ്രേഷ്ഠമാണ് (സങ്കീ, 103:11, യെശ, 57:15), അപരിമേയമാണ് (യിര, 31:37), ജഡധാരണത്തിനായി ക്രിസ്തു ഇറങ്ങിവന്ന സ്ഥലം (യോഹ, 3:13), മദ്ധ്യസ്ഥനായ ക്രിസ്തു പ്രവേശിച്ച സ്ഥലം (അപ്പൊ, 3:21, എബ്രാ, 6:20, 9:12, 9:24), ക്രിസ്തുവിന് പരമാധികാരമുള്ള സ്ഥലം (മത്താ, 28:18, 1പത്രൊ, 3:22), ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്ത് ഇരിക്കുന്ന സ്ഥലം (എഫെ, 1:21, 1പത്രൊ,3:22), തന്റെ വിശുദ്ധന്മാരെ ചേർക്കാൻ ക്രിസ്തു ഇറങ്ങിവരുന്ന സ്ഥലം (1തെസ്സ, 4:16), പരിശുദ്ധാത്മാവ് ഇറങ്ങിവന്ന സ്ഥലം (1പത്രൊ, 1:12), ദൂതന്മാരുടെ വാസസ്ഥലം (മത്താ, 18:10, 24:36), മാനസാന്തരപ്പെടുന്ന പാപികളെച്ചൊല്ലി സന്തോഷിക്കു

ന്ന സ്ഥലം (ലൂക്കൊ, 15:7), വീണ്ടുംജനനം കൂടാതെ പ്ര വേശനമില്ലാത്ത സ്ഥലം (യോഹ, 3:3), ദൈവമക്കൾ സ്വ ർഗ്ഗീയ വിളിക്ക് ഓഹരിക്കാരാണ് (എബ്രാ, 3:1), ദൈവമ ക്കളുടെ പേരെഴുതപ്പെട്ട സ്ഥലം (ലൂക്കൊ, 10: 20, എ ബ്രാ, 12: 23), ദൈവമക്കളുടെ പ്രാർത്ഥനയ്ക്ക് മറുപടി ലഭിക്കുന്ന സ്ഥലം (നെഹെ, 9:27, 1ദിന, 21:6, 2ദിന, 7: 14, സങ്കീ, 20:6), ദൈവമക്കൾ നിക്ഷേപം സ്വരൂപിക്കേ ണ്ട സ്ഥലം (മത്താ, 6:20, മർക്കൊ, 10:21, ലൂക്കൊ, 12: 33), ദൈവമക്കളുടെ പൌരത്വം സ്വർഗ്ഗത്തിലാണ് (ഫിലി, 3:20), ദൈവമക്കളുടെ പ്രത്യാശ സ്വർഗ്ഗത്തിലാണ് (കൊ ലൊ, 1:3), ദൈവമക്കളുടെ അവകാശം സ്വർഗ്ഗത്തിലാ ണ് (1 പത്രൊ, (1:4-5), ദൈവമക്കൾക്ക് പ്രതിഫലം ലഭ്യ മാകുന്ന സ്ഥലം (മത്താ, 5:12, 1പത്രൊ, 1:4), ദൈവമ ക്കളുടെ സന്തോഷഭവനം (വെളി, 17:617), ദൈവമക്ക ളുടെ നിത്യപാർപ്പിടം (2കൊരി, 5:1), ജഡരക്തങ്ങൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ട സ്ഥലം (1കൊ രി,15:7), ദു ഷ്പ്രവൃത്തിക്കാർക്ക് പ്രവേശനമില്ലാത്ത സ്ഥലം (ഗലാ, 5:19-21, എഫെ, 5:5, വെളി, 21:8, 22:15), ന്യായവിധിയു ടെ സ്ഥലം (ഉല്പ, 19:24, 1ശമു, 2:10, ദാനി, 4:13-4, 7:9-10, 121-3, റോമ, 1:18, വെളി, 20:11,12).

## 6. പുതിയ ആകാശവും (സ്വർഗ്ഗവും) പുതിയ ഭൂമിയും

ആകാശവും (സ്വർഗ്ഗവും) ഭൂമിയും സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം ഒരുനാൾ കത്തിനശിക്കുകയും നീ തി വസിക്കുന്ന പുതിയ ആകാശവും (സ്വർഗ്ഗം) പുതിയ ഭൂമിയും ദൈവം സൃഷ്ടിക്കുകയും ചെയ്യുമെന്ന് ബൈ ബിൾ വ്യക്തമായി പറയുന്നു. "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും. അന്നു ആകാശം (സ്വർഗ്ഗം) കൊ ടുമ്മുഴക്കത്തോടെ ഒഴിഞ്ഞു പോകും; മൂലപദാർത്ഥങ്ങ

ൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം." (2പത്രൊ, 3:10-12). "ആകാശത്തിലെ (സ്വർഗ്ഗത്തിലെ) സൈന്യമെല്ലാം (സൂര്യചന്ദ്രനക്ഷത്രാധികൾ) അലിഞ്ഞുപോകും; ആകാശവും (സ്വർഗ്ഗം) ഒരു ചുരുൾപോലെ ചുരുണ്ടുപോകും; അതിനെ സൈന്യമൊക്കെയും മുന്തിരിവള്ളിയുടെ ഇല വാടി പൊഴിയുന്നതു പോലെയും അത്തിവൃക്ഷത്തിന്റെ കായ് വാടി പൊഴിയുന്നതുപോലെയും പൊഴിഞ്ഞുപോകും." (യെശ, 34:4. ഇ വയും കാണുക: ഇയ്യോ,14:12, സങ്കീ, 102:25-26, യെശ, 34:4; 51:6, മത്താ, 5:18, 24:35, എബ്രാ, 1:10-12, 2പ, 3:10-11, 3:13, വെളി, 6:12-14, 20:11, 21:1, 21:4).

പുതിയ ആകാശവും (സ്വർഗ്ഗം) പുതിയ ഭൂമിയും: സഹസ്രാബ്ദവാഴ്ചയ്ക്കും (വെളി, 20:1-6,) വെള്ളസിംഹാസന ന്യായവിധിക്കും (ദാനി, 7:9-10, വെളി, 20:11-15) ശേഷം ദൈവം പുതിയ ആകാശവും (സ്വർഗ്ഗം) പുതിയ ഭൂമിയും സൃഷ്ടിക്കും. ദൈവത്തിന്റെ നിത്യവാഴ്ചയുടെ രംഗമാണ് പുതിയ ആകാശവും പുതിയ ഭൂമിയും: "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല." (വെളി, 21:1). യെശയ്യാപ്രവാചകനും ഇതു പ്രവചിച്ചിട്ടുണ്ട്: "ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തെവ ആരും ഓർക്കുകയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല. ഞാൻ സൃഷ്ടിക്കുന്നതിനെക്കുറിച്ചു നിങ്ങൾ സ

ന്ഘോഷിച്ചു എന്നേക്കും ഘോഷിച്ചുല്ലസിപ്പിൻ; ഇതാ, ഞാൻ യെരൂശലേമിനെ ഉല്ലാസപ്രദമായും അതിലെ ജനത്തെ ആനന്ദപ്രദമായും സൃഷ്ടിക്കുന്നു." (യെശ, 65:17, 18). "ഞാൻ ഉണ്ടാക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിയും എന്റെ മുമ്പാകെ നിലനില്ക്കുന്നതു പോലെ നിങ്ങളുടെ സന്തതിയും നിങ്ങളുടെ പേരും നിലനില്ക്കും എന്നു യഹോവയുടെ അരുളപ്പാടു." (യെശ,66:22). "എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിന്നും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു." (2 പത്രൊ, 3:13). പുതിയ ആകാശത്ത് സൂര്യചന്ദ്രന്മാരും (വെളി, 22:5), പുതിയ ഭൂമിയിൽ സമുദ്രവും ഉണ്ടാകുകയില്ല. (വെളി, 21:1). ഇതും കാണുക: (യെശ, 2:2-4, 9:7, 11:6-9, 27:13, 32:15-18, 33:20-21, 60:16−22, യെഹെ, 34:24-30, 37:26, സെഖ, 9:10).

ആകാശവും (സ്വർഗ്ഗം) ഭൂമിയും മാറിപ്പോകുമെന്നു പറയുന്നതിൽ ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗം ഉൾപ്പെടുന്നില്ല. കാരണം ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം നിത്യദൈവമാണ്. "നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ." (യെശ, 40:28, ഉല്പ, 21:33, ആവ, 32:40). കാലത്തിന്റെ നൈരന്തര്യത്തിൽ (Continuity) നിന്നും സ്വതന്ത്രനും കാലത്തിന് കാരണഭൂതനും ദൈവമാണ്. ദൈവത്തിന് ആരംഭവും അവസാനവുമില്ല. തന്മൂലം ദൈവത്തിന്റെ നിവാസമായ സ്വർഗ്ഗവും നിത്യമായിരിക്കും. യാതൊരുവിധ മാറ്റവും പുനഃക്രമീകരണവും സ്വർഗ്ഗാധിസ്വർഗ്ഗത്തിന് ആവശ്യമില്ല. ദൈവം സ്വയംഭൂവായ ദൈവമാണെന്ന് കരുതുന്നവരുണ്ട്. സ്വയംഭൂവാണെങ്കിൽ സ്വയം

ഇല്ലാതെയാകാനും ദൈവത്തിനു കഴിയണം. ദൈവം മാത്രമാണ് അമർത്ത്യനായുള്ളതെന്ന് പൌലൊസ് വ്യക്തമാക്കുന്നു. (1തിമൊ, 6:16). ദൈവം ഇല്ലാതിരുന്ന ഒരു കാ ലമില്ലായിരുന്നു. ദൈവം ഇല്ലാതിരിക്കുന്ന ഒരു കാലം ഇനി ഉണ്ടാകുകയുമില്ല. പിന്നെങ്ങനെ ദൈവം സ്വയംഭൂവാണെന്ന് പറയാൻ കഴിയും? ബൈബിൾ പറയുന്നു: "പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു." (സങ്കീ, 90:2). "യഹോവേ, നീ ശാശ്വതനായും നിന്റെ സിംഹാസനം തലമുറതലമുറയായും ഇരിക്കുന്നു." (വിലാ, 5:19). "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു.' (യെശ, 57:15).

അഴിഞ്ഞുപോകും അഥവാ നാശത്തിനു വിധേയമായിരിക്കുന്ന ആകാശവും ഭൂമിയുമെന്ന് പറയുന്നത് സൃഷ്ടിപരമായ സ്വർഗ്ഗങ്ങളും ഭൂമിയുമാണ്. ദൈവം വസിക്കുന്ന സ്വർഗ്ഗാധിസ്വർഗ്ഗം അഥവാ മൂന്നാം സ്വർഗ്ഗം ആദിമ സൃഷ്ടിയിൽ ഉൾപ്പെട്ടതല്ല. ആദിയിൽ ദൈവം സൃഷ്ടിച്ച സ്വർഗ്ഗങ്ങൾ അഥവാ ഒന്നും രണ്ടും സ്വർഗ്ഗങ്ങൾ ഇന്ദ്രിയഗോചരമാണ്. നാശത്തിനു വിധേയമാകുന്നതും ഇന്ദ്രിയഗോചരമായ അഥവാ സൃഷ്ടസ്വർഗ്ഗങ്ങളാണ്. സൃഷ്ടസ്വർഗ്ഗങ്ങൾ ഇവയാണ്: (ഉല്പ, 1:1, 6-8, 14-18, 2:1, 1ദിന, 16: 26, 2ദിന, 2:12, നെഹെ, 9:6, ഇയ്യോ, 9:8-9, സങ്കീ, 8:3; 19:1, 33:6, 9, 50:6, 68:34, 89:29, 97:6, 103:11, 113:4, 115:15, 148:4-6, 8:27, യെശ, 37:16, 40:22, 42:5, 45:12, 18, യിര, 10: 12, യിര, 31:37, 32:17, 51:15, യെഹെ, 1:1, മത്താ, 24:29-30, അപ്പൊ, 2:19-20, 4:24,14:15, എബ്രാ, 1:10, 10:6-7, 14:7). എന്നാൽ ദൈവത്തിന്റെ നിവാസമാ

യ മൂന്നാം സ്വർഗ്ഗം അഗോചരമാണ്. അതിന്റെ കാഴ്ച മനുഷ്യർക്ക് ദൈവം മറച്ചിരിക്കയാണ്. (ഇയ്യോ, 26:9). ആദിമസൃഷ്ടി നാശത്തിനു വിധേയമായത് മനുഷ്യന്റെ പാപം നിമിത്തമാണ്. സൃഷ്ടിയിങ്കൽ ദൈവം എല്ലാം നല്ലതെന്ന് കണ്ടു. (ഉല്പ, 1:4, 10, 12, 18, 21, 25, 31). എന്നാൽ മനുഷ്യൻ പാപം ചെയ്തതോടുകൂടി സകലവും ശപിക്കപ്പെട്ടു. (ഉല്പ, 3:17-19). ഓസോൺ പാളിയുടെ വിള്ളലുകളും, ആഗോള താപനവും, കാലാവസ്ഥാവ്യതിയാനവും, വായു മലിനീകരണവും, ഭൂമിയിലെ മനുഷ്യന്റെ അരിഷ്ടിതാവസ്ഥകളും പാപത്തിന്റെ പരിണിത ഫലമാണ്. തന്മൂലം സൃഷ്ടികൾക്കെല്ലാം ഒരു പുനരുദ്ധാരണം ആവശ്യമായിവന്നു.

## 7. സ്വർഗ്ഗം സ്വർഗ്ഗരാജ്യം ദൈവരാജ്യം

സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ദൈവരാജ്യവും അഭിന്നങ്ങളാണെന്ന് കരുതുന്നവരാണ് അനേകരും. സ്വർഗ്ഗം അനാദിനിത്യത മുതൽക്കേ നിലവിലുള്ളതായ ദൈവത്തിന്റെ വാസസ്ഥലവും, സ്വർഗ്ഗരാജ്യം യേശുക്രിസ്തു തന്റെ ക്രൂശുമരണത്താൽ ഭൂമിയിൽ സ്ഥാപിച്ച സഭയും, ദൈവരാജ്യം മഹോപദ്രവകാലാനന്തരം യേശുക്രിസ്തു എതിർക്രിസ്തുവിനെ തോല്പിച്ചിട്ട് ഭൂമിയിൽ സ്ഥാപിക്കുവാനിരിക്കുന്ന ദൈവാധിപത്യ രാജ്യവുമാണ്. ബൈബിൾ പറയുന്നു; 'സർവ്വലോകവും ദുഷ്ടന്റെ അധീനതയിൽ കിടക്കുന്നു.' (1യോഹ, 5:19). സർവ്വവും സൃഷ്ടിച്ചത് ദൈവമാണെങ്കിലും കള്ളനും വഞ്ചകനുമായ സാത്താൻ സർവ്വലോകവും അപഹരിച്ച് വെച്ചിരിക്കുകയാണ്. സാത്താന്റെ കയ്യിൽനിന്നു ലോകത്തെ മോചിപ്പിച്ച് ദൈവരാജ്യം സ്ഥാപിക്കുവാനാണ് ക്രിസ്തു ഭൂമിയിൽ വന്നത്. (മത്താ, 12:28, ലൂക്കൊ, 1120). എന്നാൽ യെഹൂദന്മാർ

മശിഹായെ തള്ളിയതുകൊണ്ട് ദൈവം ജാതികളിലേക്ക് തിരിഞ്ഞു. (അപ്പൊ, 10:46, 11:17-18, 15:7,14). ദൈവം യിരെമ്യാ പ്രവാചകന് മുന്നറിയിച്ച യെരുശലേമിന്റെ പ്രവാസകാലമാണ് എഴുപത് സംവത്സരം. "ഈ ദേശമൊക്കെയും ശൂന്യവും സ്തംഭനഹേതുവും ആകും; ഈ ജാതികൾ ബാബേൽരാജാവിനെ എഴുപതു സംവത്സരം സേവിക്കും എന്നു യഹോവയുടെ അരുളപ്പാടു." (യിര, 25:11, 29:10, ദാനി, 9:2, 2ദിന, 36:21, എസ്രാ, 1:1, സെഖ, 1:12, 7:5). എഴുപത് സംവത്സരം എന്നത് 70 ആഴ് ചവട്ടം അഥവാ 490 വർഷമാണെന്ന് ദാനിയേലിനു വെളിപ്പെട്ടു. 9:24. 'ഷബുവാ' (sh-abua) എന്ന എബ്രായപദത്തിന് ഏഴുകൾ എന്നാണർത്ഥം. 70x7=490 വർഷം. എഴുപത് ഏഴുകളെ (ആഴ്ചവട്ടം) മൂന്നായി വിഭജിച്ചാണ് പ്രവചനം. യെരൂശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെടുവിക്കുന്നതു മുതൽ അഭിഷിക്തനായോരു പ്രഭുവരെ ഏഴു ആഴ്ചവട്ടം (49 വർഷം), അറുപത്തിരണ്ടു ആഴ്ചവട്ടം (434 വർഷം) കൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നേ വീണ്ടും പണിയും, അവൻ ഒരു ആഴ്ചവട്ടത്തേക്കു (7 വർഷം) പലരോടും നിയമത്തെ കഠിനമാക്കും. (ദാനി, 9:25-27). യഹോവയുടെ ഇടയനെന്നും (44:28), അഭിഷിക്തനെന്നും (45:1) യെശയ്യാവ് പ്രവചിച്ച കോരെശിന്റെ ഭരണകാലം ബി.സി. 559--530 ആയിരുന്നു. 539-ൽ ആയിരുന്നു കോരെശ ന്റെ വിളംബരം. (2ദിന, 36:23). എന്നാൽ ഇവിടെ പറയുന്ന കല്പന പുറപ്പെടുവിക്കുന്നത് ദാര്യാവേശിന്റെ പൌത്രനും അഹശ്വേരോശിന്റെ പുത്രനുമായ അർത്ഥശഷ്ടാവാണ്. അത് ബി.സി. 445-ൽ ആണ്. (നെഹെ, 2:1-9). ഏഴ് ആഴ്ചവട്ടം അഥവാ 49 വർഷം അഭിഷിക്തനായൊരു പ്രഭുവരെയാണ്. അത് മലാഖി പ്ര

വചനം 3:1-ൽ നിറവേറി; 'നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്കു വരും; ഇതാ, അവൻ വരുന്നു എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു.' അറുപത്തിരണ്ടു ആഴ്ചവട്ടം അഥവാ 434 വർഷം മലാഖി 3:1-ലെ അഭിഷിക്തനായ പ്രഭുമുതൽ സെഖര്യവ് 9:9 വരെയാണ്; "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക; യെരൂശലേംപുത്രിയേ, ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറിവരുന്നു." യേശുക്രിസ്തു യെരുശലേമിലേക്ക് രാജകീയപ്രവേശം ചെയ്യുന്നത് എ.ഡി. 33 മാർച്ച് 30 തിങ്കളാഴ്ചയാണ്. (മത്താ, 21:1-11, മർക്കൊ, 11:1-10, ലൂക്കൊ, 19:29-44, യോഹ, 12:12-19). അന്ന് യെഹൂദന്മാർ തങ്ങളുടെ മശിഹയെ രാജാവായി അംഗീകരിച്ചിരുന്നു എങ്കിൽ ദാനിയേൽ പ്രവചനപ്രകാരം (9:27) ഒരാഴ്ചവട്ടം അഥവാ ഏഴു വർഷം കഴിയുമ്പോൾ ദൈവരാജ്യം സ്ഥാപിതമാകുമായിരുന്നു. "അതു സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതു എല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിച്ചേർക്ക എന്നിങ്ങനെ കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിക്കൊണ്ടു തന്നേ." (എഫെ, 1:10). ഇതായിരുന്നു ദൈവരാജ്യത്തിന്റെ വ്യവസ്ഥ. എന്നാൽ യെഹൂദന്റെ ഹൃദയകാഠിന്യം (യോഹ, 12: 40) നമുക്കു രക്ഷയായി ഭവിച്ചു. യെഹൂദർ മശിഹയെ തള്ളിയപ്പോൾ ദൈവരാജ്യസ്ഥാപനം വിദൂരമാകുകയും 69-ഉം 70-ഉം ആഴ്ചവട്ടങ്ങൾക്കിടയിൽ  ജാതികളുടെ കാലം (ലൂക്കൊ, 21:24) എന്നൊരു ഇടവേള കടന്നുവരുകയും ചെയ്തു. ഇതിനെയാണ് സ്വർഗ്ഗരാജ്യം/കൃപായുഗം/സഭായുഗം/പ്രസാദവർ

ഷം/സുപ്രസാദകാലം എന്നൊക്കെ വിളിക്കുന്നത്. (മത്താ, 13:11-17, എഫെ, 3:1-10). മത്തായിയുടെ സുവിശേഷം പതിമൂന്നാം അദ്ധ്യായത്തിലെ സ്വർഗ്ഗരാജ്യത്തിന്റെ മർമ്മങ്ങൾ നിറവേറുന്നത് ഈ കാലയളവിലാണ്. ഇനി സഭായുഗം അപ്രതീക്ഷിതമായ സമയത്ത് അവസാനിക്കുകയും എഴുപതാം ആഴ്ചവട്ടം അഥവാ ഏഴുവർഷത്തെ മഹാപീഡനം ആരംഭിക്കുകയും ചെയ്യും. മഹാപീഡനത്തിനൊടുവിൽ എതിർക്രിസ്തുവിനെ തോല്പിച്ചിട്ട് യേശുക്രിസ്തു സ്ഥാപിക്കുവാനിരിക്കുന്ന രാജ്യമാണ് ദൈവരാജ്യം.

ദൈവരാജ്യം എങ്ങനെയിരിക്കുമെന്ന് ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥനയിൽ സൂചിതമാണ്; "നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ." (മത്താ, 6:9-10, ലൂക്കൊ, 11:2). ഈ അർത്ഥത്തിൽ സ്വർഗ്ഗത്തിന്റെ പര്യായം തന്നെയാണ് ദൈവരാജ്യം. എന്നാൽ സ്വർഗ്ഗവും സ്വർഗ്ഗരാജ്യവും ഒന്നല്ല. സ്വർഗ്ഗത്തിന്റെ താക്കോലാണ് യേശുക്രിസ്തു പത്രൊസിനെ ഏല്പിച്ചതെന്നാണ് കത്തോലിക്കർ കരുതുന്നത്. ശവസംസ്കാര ശുശ്രൂഷയിൽ അവർ പാടുന്ന പാട്ടിന്റെ ഒരുവരി; 'സ്വർഗ്ഗരാജ്യത്തേക്കു യാത്രയാകുന്നു' എന്നാണ്. യേശു ക്രിസ്തു പത്രൊസിനു കൊടുത്ത താക്കോൽ (വിശേഷാധികാരം) സ്വർഗ്ഗത്തിന്റെയാണോ ഭൂമിയുടേതാണോയെന്ന് ആ ഭാഗത്തുതന്നെ വ്യക്തമാണ്: "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമി

യിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്നു ഉത്തരം പറഞ്ഞു." (മത്താ, 16:18-19). 'ഞാനെന്റെ സഭയെ പണിയും' എന്ന് പറഞ്ഞിട്ടാണ് 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ' എടുത്തു കൊടുക്കുന്നത്. തന്റെ രക്തംകൊണ്ട് സമ്പാദിക്കുന്ന സഭയാണ് സ്വർഗ്ഗരാജ്യമെന്ന് ഇവിടെ വ്യക്തം. അടുത്ത ഭാഗത്തു പറയുന്നു: നീ ഭൂമിയിൽ കെട്ടുന്നതൊക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും. പത്രൊസിനു കെട്ടുവാനും അഴിക്കു വാനുമുള്ള അധികാരം ഭൂമിയിലാണ്; സ്വർഗ്ഗത്തിലല്ല. ഇതിൽ കൂടുതൽ തെളിവെന്തിനാണ്. കർത്താവു തന്റെ സഭ സ്ഥാപിക്കുന്നത് ഭൂമിയിലാണ്. പത്രൊസിനോടു കെട്ടുവാനും അഴിക്കുവാനും പറയുന്നതും ഭൂമിയിലാണ്. തന്മൂലം പത്രൊസിനു കൊടുത്ത താക്കോൽ ഭൂമിയിലെ തന്റെ സഭയുടെ വിശേഷാധികാരമാണെന്നു മനസ്സിലാക്കാം. പെന്തെക്കൊസ്തിൽ പരിശുദ്ധാത്മാവിനെ അയച്ച് യേശുക്രിസ്തു തന്റെ സഭ സ്ഥാപിച്ചനന്തരം പത്രൊസ് ഈ താക്കോൽ (വിശേഷാധികാരം) ഉപയോഗിച്ചാണ് സ്വർഗ്ഗരാജ്യത്തിന്റെ അഥവാ സഭയുടെ വാതിൽ യെഹൂദന്മാർക്കും (അപ്പൊ, 2:14,41), ശമര്യർക്കും (8:14,17), ജാതികൾക്കും (10:14, 28), തുറന്നുകൊടുത്തത്.

സത്യവേദപുസ്തകത്തിൽ മത്തായി എഴുതിയ സുവിശേഷത്തിൽ മാത്രമാണ് സ്വർഗ്ഗരാജ്യമെന്ന പദം 32 പ്രാവശ്യമുള്ളത്. അപ്പോൾത്തന്നെ സ്വർഗ്ഗം 19 പ്രാവശ്യവും, സ്വർഗ്ഗസ്ഥൻ 17 പ്രവശ്യവും, ദൈവരാജ്യം 4 പ്രാവശ്യവും, സ്വർഗ്ഗീയപിതാവ് ഒരു പ്രാവശ്യവുമുണ്ട്. പിതാവിനെക്കുറിച്ചു പറയുമ്പോൾ സ്വർഗ്ഗരാജ്യസ്ഥൻ എന്നല്ല; സ്വർഗ്ഗ

സ്ഥൻ എന്നാണ് പറഞ്ഞിരിക്കുന്നത്. (5:16). പിതാവിന്റെ ശബ്ദം വരുന്നത് സ്വർഗ്ഗരാജ്യത്തിൽ നിന്നല്ല; സ്വർഗ്ഗത്തിൽ നിന്നാണ്. (3:17). യേശുക്രിസ്തുവിന്റെ അധികാരം സ്വർഗ്ഗരാജ്യത്തിലും ഭൂമിയിലുമല്ല; സ്വർഗ്ഗത്തിലും ഭൂമിയിലുമാണ്. (28:18). പരിശുദ്ധാത്മാവ് ഇറങ്ങിവന്നത് സ്വർഗ്ഗരാജ്യത്തിൽ നിന്നല്ല; സ്വർഗ്ഗത്തിൽ നിന്നാണ്. (3: 16). ദൂതന്മാരെക്കുറിച്ചു പറയുമ്പോൾ സ്വർഗ്ഗരാജ്യത്തിലെ ദൂതന്മാരെന്നല്ല; സ്വർഗ്ഗത്തിലെ ദൂതന്മാരെന്നാണ്. (18:11). ദൈവമക്കളുടെ പ്രതിഫലം സ്വർഗ്ഗരാജ്യത്തിലല്ല; സ്വർഗ്ഗത്തിലാണ്. (5:12). നിക്ഷേപം സ്വരൂപിക്കേണ്ടത് സ്വർഗ്ഗരാജ്യത്തില്ല; സ്വർഗ്ഗത്തിലാണ്. (6:20). ഭൂമിയിൽ കെട്ടുകയും അഴിക്കുകയും ചെയ്യുന്നത് സ്വർഗ്ഗരാജ്യത്തിലല്ല; സ്വർഗ്ഗത്തിലാണ് കെട്ടപ്പെടുകയും അഴിക്കപ്പെടുകയും ചെയ്യുന്നത്. (16:19, 18:18). മർക്കൊസിലും ലൂക്കൊസിലും യേശുവും (മർക്കൊ, 1:14-15, ലൂക്കൊ, 4: 43, 8:1) ശിഷ്യന്മാരും (ലൂക്കൊ, 9:2, 10:8-11) ദൈവരാജ്യത്തിന്റെ സുവിശേഷമാണ് പ്രസംഗിച്ചത്. മത്തായി അത് സ്വർഗ്ഗരാജ്യത്തിന്റെ സുവിശേഷമെന്നാണ് പറയുന്നത്. (മത്താ, 3:2, 4:17, 10:7). ഇവിട ഒരു കാര്യം ഓർക്കേണ്ടത്, മത്തായി യെഹൂദന്മാർക്കും മർക്കൊസ് റോമാക്കാർക്കും ലൂക്കൊസ് യവനന്മാർക്കും യോഹന്നാൻ ദൈവസഭയ്ക്കുമാണ് സുവിശേഷം എഴുതുന്നത്. ദൈവനാമം നാവിലെടുക്കാൻ ഭയപ്പെടുന്ന (പുറ, 20:7, ആവ, 5:11) യെഹൂദനുവേണ്ടി മത്തായി സുവിശേഷമെഴുതിയപ്പോൾ ദൈവരാജ്യമെന്നത് പലയിടത്തും സ്വർഗ്ഗരാജ്യമെന്ന് മാറ്റിയെഴുതിയതാണ്. മാത്രമല്ല പെന്തെക്കൊസ്തിനുശേഷം അപ്പൊസ്തലന്മാരാരും സ്വർഗ്ഗരാജ്യം പ്രസംഗിച്ചിട്ടില്ലെന്നുള്ളത് (അപ്പൊ, 8:12, 14:22, 19:8, 20:25, 28: 23,30) ദൈവരാജ്യത്തിന്റെയും സ്വർഗ്ഗരാജ്യ

ത്തിന്റെയും ഭിന്നത്വം വെളിപ്പെടുത്തുന്നു.

കൂടാതെ മത്തായി സ്വർഗ്ഗരാജ്യമെന്ന് വിശേഷിപ്പിച്ചിരിക്കുന്ന പല വാക്യങ്ങളും സ്വർഗ്ഗരാജ്യം അഥവാ സഭായുഗത്തിന് യോജിച്ചവയല്ല. "ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്നു അഴിക്കയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കയും പഠിപ്പിക്കയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ എന്നു വിളിക്കപ്പെടും." (5:19). "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." (5:20). "എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു." (7:21). "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്നു അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ പന്തിക്കിരിക്കും." (8:11). "സ്ത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (11: 11). "യോഹന്നാൻ സ്നാപകന്റെ നാളുകൾ മുതൽ ഇന്നേവരെ സ്വർഗ്ഗരാജ്യത്തെ ബലാൽക്കാരം ചെയ്യുന്നു; ബലാൽക്കാരികൾ അതിനെ പിടിച്ചടക്കുന്നു." (11:12). "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയ്വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (18:3). "ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താ

ൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു." (18:4). തന്റെ ശിഷ്യന്മാരോടു: "ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നേ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (19:23). ഈ വാക്യങ്ങളൊക്കെ സ്വർഗ്ഗരാജ്യത്തിനല്ല; ദൈവരാജ്യത്തിനാണ് യോജിക്കുന്നത്. കൂടാതെ പല ഉപമകളും സ്വർഗ്ഗരാജ്യത്തിന് യോജിച്ചവയല്ല. 'താലന്തിന്റെ ഉപമ' (18: 23-35), 'മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ' (20: 1-16), 'പുത്രനുവേണ്ടി കല്യാണസദ്യ കഴിച്ച രാജാവിന്റെ ഉപമ' (22:1-14), 'പത്തു കന്യകമാരുടെ ഉപമ' (25:1-13).

മത്തായി പതിമൂന്നാം അദ്ധ്യായത്തിലെ സ്വർഗ്ഗരാജ്യത്തിന്റെ ഉപമകൾ സ്വർഗ്ഗത്തിനോ ദൈവരാജ്യത്തിനോ ചേർന്നവയല്ല; സഭായുഗത്തിനു മാത്രം ചേരുന്നവയാണ്. അവിടെ പറയുന്ന സ്വർഗ്ഗരാജ്യം ഒരു ആത്മീകരാജ്യമല്ല. ആത്മീകരാജ്യത്തിൽ വീണ്ടും ജനിച്ചവർ മാത്രമേ ഉണ്ടാകു. സ്വർഗ്ഗരാജ്യത്തിന്റെ ഉപമയിലാകട്ടെ വീണ്ടുംജനിച്ചവരും വീണ്ടും ജനിക്കാത്തവരുമുണ്ട്. 'വിതയ്ക്കുന്നവന്റെ ഉപമയിൽ' (13:3-9) വഴിയരികെ വീണതും, പാറസ്ഥലത്തു വീണതും, മുള്ളിനിടയിൽ വീണതും, നല്ല നിലത്തുവീണ വിത്തുകളുമുണ്ട്. അത് അവിശ്വാസികളെയും, അല്പവിശ്വാസികളെയും, ലോകസ്നേഹികളെയും, വിശ്വാസികളെയും (13:19-23) കുറിക്കുന്നു. 'നല്ല വിത്തിന്റെ ഉപമയിൽ' (13:24-30) വിതയ്ക്കുന്നവനും, നല്ല വിത്തും, കളയും, കള വിതച്ച ശത്രുവും, കൊയ്ത്തുമുണ്ട്. അത് മനുഷ്യപുത്രനെയും, രാജ്യത്തിന്റെ പുത്രന്മാരെയും, പിശാചിനെയും, പിശാചന്റെ പുത്രന്മാരെയും (13: 37-43) കുറിക്കുന്നു. 'വീശുവലയുടെ ഉപമയിൽ' നല്ല മീൻ കൂട്ടിവെക്കുകയും ചീത്തമീൻ എറിഞ്ഞുകളയുകയും ചെയ്യുന്നു. അവിടെ നീതിമാന്മാരും ദുഷ്ടന്മാരും ലോകാ

വസാനവും (13:47-49) ഉണ്ട്. പതിമൂന്നാം അദ്ധ്യായം ശ്രദ്ധയോടെ വായിച്ചാൽ ദൈവരാജ്യം പോലെ നിത്യമല്ല (2പത്രൊ, 1:11) സ്വർഗ്ഗരാജ്യം എന്നു മനസ്സിലാക്കാം. സ്വർഗ്ഗരാജ്യത്തിന് ലോകാവസാനം (13:40,49) എന്നൊരു പരിധി വെച്ചിട്ടുണ്ട്. അർത്ഥാൽ ക്രിസ്തുവിന്റെ ഒന്നും രണ്ടും വരവുകൾക്കിടയിലുള്ള കാലയളവാണ് കൃപായുഗം/സഭായുഗം/ജാതികളുടെകാലം/സുപ്രസാദകാലം എന്നൊക്കെ അറിയപ്പെടുന്നതാണ് സ്വർഗ്ഗരാജ്യം.

## താരതമ്യം

| സ്വർഗ്ഗം (ദൈവരാജ്യം) | സ്വർഗ്ഗരാജ്യം |
|---|---|
| ദൈവരാജ്യത്തിന്റെ താക്കോൽ യേശുവിന്റെ കയ്യിലാണുള്ളത്. (യെശ, 22:22, വെളി, 3:7). | സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ യേശു ക്രിസ്തു പത്രൊസിനെ ഏല്പിച്ചു. (മത്താ, 16:19). |
| ദൈവരാജ്യസ്ഥാപനം ഭാവികമാണ്. (മത്താ, 13: 43). | സ്വർഗ്ഗരാജ്യം സ്ഥാപിതമായി. (അപ്പൊ, 2:1-3). |
| ദൈവരാജ്യത്തിൽ സമ്പത്തിൽ ആശ്രയിക്കുന്നവർ കടക്കയില്ല. (മത്താ, 19:22 -24, മർക്കൊ, 10:23-25, ലൂക്കൊ, 18:22-25). | സ്വർഗ്ഗരാജ്യത്ത് ലോകത്തെയും ധനത്തെയും ആശ്രയിക്കുന്നവർ ഉണ്ട്. (മത്താ, 13:22). |
| ദൈവരാജ്യത്തിൽ പൂർവ്വപിതാക്കന്മാരും, പ്രവാചകന്മാരും, വിശുദ്ധന്മാരും ഉ | സ്വർഗ്ഗരാജ്യത്തിൽ പഴയനിയമ വിശുദ്ധന്മാർ ആരും ഇല്ല. |

| | |
|---|---|
| ണ്ടാകും. (ലൂക്കൊ, 13:28). | |
| ദൈവരാജ്യം നിത്യമായിരിക്കും. (ലൂക്കൊ, 1:33, 2കൊരി, 5:1, 2പത്രൊ, 1:11). | സ്വർഗ്ഗരാജ്യത്തിന് ലോകാവസാനം എന്നൊരു പരിധിയുണ്ട്. (മത്താ, 13:40,49). |
| ദൈവരാജ്യപ്രവേശനത്തിന് വീണ്ടുംജനനം ആവശ്യമാണ്. (യോഹ, 3:3,5). | സ്വർഗ്ഗരാജ്യത്തിൽ വീണ്ടും ജനനം പ്രാപിക്കാത്തവരുമുണ്ട്. (മത്താ, 13:19-23). |
| ദൈവരാജ്യത്തിൽ നാം അനേകം കഷ്ടങ്ങളിൽ കൂടിയാണ് കടക്കുന്നത്. (അപ്പൊ, 14:22). | സ്വർഗ്ഗരാജ്യം സ്ഥാപിക്കുവാൻ ക്രിസ്തുവാണ് നമുക്കുവേണ്ടി കഷ്ടമേറ്റത്. (എബ്രാ, 2:18, 1പത്രൊ, 4:1). |
| ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല; നീതിയും സമാധാനവും പരിശുദ്ധാത്മവിൽ സന്തോഷവുമാണ്. (റോമ, 14:17). | സ്വർഗ്ഗരാജ്യത്തിൽ ഭക്ഷണവും പാനീയവുമുണ്ട്; അനീതിയും അസമാധാനവും അസന്തോഷവുമുണ്ട്. |
| ദൈവരാജ്യം വചത്തിലല്ല ശക്തിയിലാണ് നിലനില്ക്കുന്നത്. (1കൊരി, 4:20). | സ്വർഗ്ഗരാജ്യം ദൈവത്തിന്റെ വചനത്തിലാണ് നിലനില്ക്കുന്നത്. (അപ്പൊ, 4:4, റോമ, 10:17). |
| ദൈവരാജ്യത്തിൽ അന്യായം പ്രവർത്തിക്കുന്നവർ ഉണ്ടാകുകയില്ല. (1കൊരി, | സ്വർഗ്ഗരാജ്യത്തിൽ അന്യായം പ്രവർത്തിക്കുന്ന വരും ഉണ്ട്. (1കൊരി, 5:11). |

| | |
|---|---|
| 6:9-0, എഫെ, 5:5). | |
| ദൈവരാജ്യത്തിൽ തേജസ്കരിക്കപ്പെട്ട ശരീരമായിരിക്കും. (1കൊരി, 15:49, മത്താ, 13:43, 17:2, മർക്കൊ, 9:3, ലൂക്കോ, 9:29). | സ്വർഗ്ഗരാജ്യത്തിൽ എല്ലാവരും ഭൌതീക ശരീരത്തിലാണ്. |
| ദൈവരാജ്യം മാംസരക്തങ്ങൾക്ക് അവകാശമാക്കാൻ കഴിയില്ല. (1കൊരി, 15:50). | സ്വർഗ്ഗരാജ്യം മാംസരക്തങ്ങൾക്കുള്ളതാണ്. |
| ദൈവരാജ്യം ജഡത്തിൽ ദുഷ്പ്രവൃത്തിൾ ചെയ്യുന്നവർ അവകാശമാക്കുകയില്ല. (ഗലാ, 5:19-21), | സ്വർഗ്ഗരാജ്യത്തിൽ ദുഷ്പ്രവൃത്തിക്കാരുമുണ്ടാകും |
| ദൈവരാജ്യത്തിൽ പിശാച് ഉണ്ടായിരിക്കില്ല. (വെളി, 20:10, 21:1). | സ്വർഗ്ഗരാജ്യത്തിൽ പിശാച് ഉണ്ടായിരിക്കും യോഹ, 12:31, 2കൊരി, 4:4). |

## നരകം

സ്വർഗ്ഗം ഒരു യാഥാർത്ഥ്യമായിരിക്കുന്നതുപോലെ നരകവും യാഥാർത്ഥ്യമാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. ഒപ്പം ദുഷ്ടന്മാരുടെ പര്യവസാനസ്ഥാനവും നരകമാണെന്ന് അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. എങ്കിലും ക്രിസ്തീയഗോളത്തിലെ ചില വിഭാഗങ്ങൾ ഒരു സാത്താ

നോ നരകമോ ഇല്ലെന്നു വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. 'യഹോവ സാക്ഷികളും, ക്രിസ്റ്റാഡെൽഫിയൻസും, മോർമോൺസ് തുടങ്ങിയവർ' ഇക്കൂട്ടത്തിൽപ്പെടും. അപ്പോൾത്തന്നേ ഒരു ദൈവമുണ്ടെന്നും, ദൈവത്തിന്റെ വാസസ്ഥലമായ സ്വർഗ്ഗമുണ്ടെന്നും, ആ ദൈവം ക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന രക്ഷ നിത്യരക്ഷയാണെന്നും, തന്മൂലം ക്രിസ്തുവിലൂടെ ഒരു നിത്യജീവൻ ലഭ്യമാണെന്നും ഇക്കൂട്ടർ വിശ്വസിക്കുന്നു. ദൈവമുണ്ട് -- പിശാചില്ല, സ്വർഗ്ഗമുണ്ട് -- നരകമില്ല, നിത്യരക്ഷയുണ്ട് -- നിത്യശിക്ഷയില്ല, നിത്യജീവനുണ്ട് -- നിത്യമരണമില്ല എന്തൊരു വിരോധാഭാസമാണിത്. പഴയനിയമത്തിൽ 'സാത്താൻ' (sawtawn) എന്ന എബ്രായപദം 25 സ്ഥാനങ്ങളിലുണ്ട്. 'പ്രതിയോഗി അഥവാ എതിരാളി' എന്നാണ് വാക്കിനർത്ഥം. അതിനെ സത്യവേദപുസ്തകത്തിൽ 16 സ്ഥലത്ത് 'സാത്താനെന്നും' (1ദിന, 21:1, ഇയ്യോ, 1:6,7,7, 8,9,12, 2:1, 2,3,4,6,7, സെഖ, 3:1, 2,2), ആറിടത്ത് 'പ്രതിയോഗിയെന്നും' (സംഖ്യാ, 22:22,32,1ശമു, 29:4, 1രാജാ, 5:4, 11:23, 25), മൂന്നിടത്ത് 'എതിരാളിയെന്നും' (2ശമു, 19: 22, 1രാജാ, 11:14, സങ്കീ, 109:6) തർജ്ജമ ചെയ്തിരിക്കുന്നു. 'സാത്താൻ' ഗ്രീക്കിൽ 'സാറ്റാനാസ്' (satanas) ആണ്. സത്യവേദപുസ്തകത്തിൽ ഈ പദം 34 പ്രാവശ്യ മുണ്ട്. (മത്താ, 4:10, 12:26, 16: 23, ലൂക്കൊ, 10:18). 'പിശാച്' (ഡയബൊലൊസ് - diab-olos) 35 പ്രാവശ്യമുണ്ട്. (മത്താ, 4:1, 13: 19, 25:41). 'പരീക്ഷകൻ' (മത്താ, 4:3, 1തെസ്സ, 3:5). 'ഭൂതങ്ങളുടെ തലവൻ' (മത്താ, 9:34, 12:24, മർക്കൊ, 3:22, ലൂക്കൊ, 11:15). 'ബെയെത്സെബൂൽ' (beelzeboul - ഈച്ചകളുടെ തമ്പുരാൻ) ഏഴു പ്രാവശ്യം ഈ പദമുണ്ട്. (മത്താ, 10:25, 12:24, 12:27). 'ദുഷ്ടൻ' (മത്താ, 13:19, യോഹ, 17:15,

1യോഹ, 5:19. 'ശത്രു' (മത്താ, 13: 25, 39, ലൂക്കൊ, 10: 19). ശത്രു പിശാചാണെന്ന് ക്രിസ്തു തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'ഭോഷ്കിന്റെ അപ്പൻ' (യോഹ, 8:44). 'കള്ളൻ' (യോഹ, 10:10). 'ഈ ലോകത്തിന്റെ പ്രഭു' മൂന്നു പ്രാവശ്യമുണ്ട്. (യോഹ, 12:31, 14:30, 16:11). 'ഈ ലോകത്തിന്റെ ദൈവം' (2കൊരി, 4:4). 'ബെലീയാൽ (belíal) (2കൊരി, 6:15). ക്രിസ്തുവിന് എതിരാളിയാണ് ഇവിടെ ബെലീയാൽ. ദുരാത്മാക്കളുടെ പ്രഭുവായി കരുതപ്പെടുന്നു. 'സർപ്പം' (2കൊരി, 11:3). 'വെളിച്ചദൂതൻ' (2 കൊരി, 11:14). 'ആകാശത്തിലെ അധികാരത്തിനു അധിപതി' (എഫെ, 2:2). 'പ്രതിയോഗി' (1പത്രൊ, 5:8). 'പഴയപാമ്പ്' (വെളി, 12:9, 20:2). 'കുറ്റം ചുമത്തുന്നവൻ' (വെ ളി, 12: 10). 'അപവാദി' (വെളി, 12:10). 'മഹാസർപ്പം' 12 സ്ഥാനത്തുണ്ട്. (വെളി, 12:3, 4, 7). ഇവിടെയൊക്കെ ദൈവത്തിനും ദൈവമക്കൾക്കും എതിരാളിയായിട്ടാണ് സാത്താനെ പരാമർശിച്ചിരിക്കുന്നത്. സാത്താന്റെ സ്വഭാവവും ബൈബിൾ വ്യക്തമാക്കിയിട്ടുണ്ട്: 'ആദിമുതൽ കൊലപാതൻ' (യോഹ, 8:44). യഥാർത്ഥ ജീവൻ കൊടുക്കാൻ സാത്താന് കഴിവില്ല. മരണത്തിനു കാരണഭൂതനും അവനാണ്. 'ഭോഷ്കു പറയുന്നവൻ' (യോഹ, 8:44). സാത്താനു സത്യവുമായി ഒരു ബന്ധവുമില്ല. ക്രിസ്തു സത്യമാണ്. (യോഹ, 14:6). സത്യത്തിന് വിപര്യായവും ക്രിസ്തുവിന് എതിരാളിയുമാണ് സാത്താൻ. 'വഞ്ചകനാണ് സാത്താൻ' വെളിച്ചദൂതന്റെ വേഷം ധരിക്കുകയും (2 കൊരി, 11:14), ആരെ വിഴുങ്ങണമെന്നു തിരഞ്ഞു ചുറ്റി നടക്കുകയുമാണ് സാത്താൻ. (1പത്രൊ, 5:8). 'അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവനാണ്.' (2തെസ്സ, 2:9, വെളി, 13: 11-14). ഭൂമിയിൽ ജനിക്കുന്ന എല്ലാ മനുഷ്യരും പാപികളും ശിക്ഷായോഗ്യരുമാണ്. (റോമ, 3:19, 5:18, 1കൊരി,

11: 32). ഈ പാപത്തിനുള്ള ശിക്ഷ മരണംകൊണ്ട് അവസാനിക്കുന്നില്ല. ഇതിനെ ബൈബിൾ നിത്യമരണം അഥവാ രണ്ടാം മരണമെന്നും (വെളി, 2:11, 20:6), നിത്യശിക്ഷയെന്നും വിളിക്കുന്നു. (മത്താ, 25:46, മർക്കൊ, 3:29). ഈ നിത്യമരണം അഥവാ നിത്യശിക്ഷയിൽ നിന്നുള്ള വിടുതലാണ് ദൈവം ക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന നിത്യജീവൻ (മത്താ, 25:46, യോഹ, 3:15,16) അഥവാ നിത്യരക്ഷ. (എബ്രാ, 5:9). ബൈബിളിൽ ഉടനീളം പ്രതിപാദിച്ചിരിക്കുന്ന സാത്താനും, അവന്റെയും അവന്റെ അനുയായികളുടെയും വാസസ്ഥലമായ നരകവും, ക്രിസ്തുവിൽ വിശ്വസിക്കാത്തവരുടെ രണ്ടാം മരണം അഥവാ നിത്യശിക്ഷാ വിധി എന്നിവ കേവലം ആലങ്കാരികമോ, മായയോ, മിഥ്യയോ, ഭ്രമമോ, വ്യർത്ഥമോ എന്നു വന്നാൽ, അതു തന്നെയായിരിക്കും ബൈബിളിനു പറ്റിയിരിക്കുന്ന ഏറ്റവും വലിയ പ്രമാദം!

### 1. പാതാളവും നരകവും പ്രയോഗങ്ങൾ

മരിച്ചവരുടെ വിശ്രമസ്ഥലത്തെയും നരകത്തെയും കുറിക്കുന്ന പല പദങ്ങളും ബൈബിളിലുണ്ട്. 'ഷിയോൾ' (shehole - പാതാളം) എന്ന എബ്രായ പദം 65 സ്ഥാനങ്ങളിലുണ്ട് . മരണാനന്തരം ആത്മാക്കളുടെ വാസസ്ഥാനമായി പഴയനിയമത്തിൽ പറയപ്പെടുന്നത് ഷിയോൾ ആണ്. ഇതിനെ KJV-യിൽ 31 പ്രാവശ്യം 'നരകം' (Hell) എന്നും, (ആവ, 32:22, 2ശമൂ, 22:6, ഇയ്യോ, 11:8, 26:6, സങ്കീ, 9: 17, 16:10, 18:5, 55: 15, 86:13, 116:3, 139:8, സദൃ, 5:5, 7:27, 9:18, 15:11, 15:24, 23:14, 27:20, യെശ, 5:14, 14:9, 14: 15, 28:15, 2818, 57:9, യെഹെ, 31:16, 31:17, 32:21, 32:27, ആമോ, 9:2, യോനാ, 2:2, ഹബ, 2:5). 31 പ്രാവശ്യം 'ശവക്കുഴി' (Grave) എന്നും, (ഉല്പ,

37:35, 42:38, 44: 29, 44:31, 1ശമു, 2:6, 1രാജാ, 2:6, 2:9, ഇയ്യോ, 7:9, 14:13, 17:13, 21:13, 24:19, സങ്കീ, 6:5, 30:3, 31:17, 49:14, 49:9, 49: 15, 88:3, 89:48, 141:7, സദൃ, 1:12, 30:16, സഭാ, 9:10, ഉത്ത, 8:6, യെശ, 14:11, 38:10, 38:18, യെഹെ,31:15, ഹോശേ, 13:14, 13:14). മൂന്നു പ്രാവശ്യം 'കുഴി' (Pit) (സംഖ്യ, 16:30, 16:33, ഇയ്യോ, 17: 16) എന്നും തർജ്ജമ ചെയ്തിരിക്കുന്നു. സത്യവേദപുസ്തകത്തിൽ 65 സ്ഥാനങ്ങളിലും 'പാതാളം' എന്നു തന്നെയാണ് തർജ്ജമ. 'അബദ്ദോൻ' (Abaddon - Destruction) എന്ന എബ്രായപദം ആറിടത്തുണ്ട്. വിനാശസ്ഥലം അഥവാ സംഹാര സ്ഥലമെന്നർത്ഥം. സത്യവേദപുസ്തകത്തിൽ അഞ്ചിടത്ത് 'നരകം' എന്നും, (ഇയ്യോ, 26:6, 28:23, 31:12, സദൃ, 15:11, 27:20), സങ്കീ, 88:11-ൽ 'വിനാശം' എന്നും തർജ്ജമ ചെയ്തിരിക്കുന്നു. 'അബദ്ദോൻ' വെളി, 9:11-ൽ അഗാധകൂപത്തിന്റെ രാജാവാണ്. 'തോഫെത്ത്' (Tophteh) (യെശ, 30:33). നരകത്തിന്റെ മറ്റൊരു പേര്. ദഹനസ്ഥലം എന്നർത്ഥം. ഇതിനു കുലത്താഴ്വര എന്നും പേരുണ്ട്. (യിര, 7: 32, 19:6). ശവം ദഹിപ്പിക്കുന്ന സ്ഥലമെന്ന അർത്ഥത്തിൽ ബെൻ--ഹിന്നോം താഴ്വരയ്ക്കും തോഫെത്ത് എന്നാണ് പറയുന്നത്. (2രാജാ, 23:10, യിര, 7:31, 19:11, 19:12, 19:13, 19:14). 'ഒലാം ഡെറോൺ' (Olam Deraon) ദാനി, 12:2-ൽ 'നിത്യനിന്ദ' എന്നു തർജ്ജമ ചെയ്തിരിക്കുന്നു. നീതിമാന്മർക്ക് നിത്യജീവനും ദുഷ്ടന്മാർക്ക് നിത്യനിന്ദയും (ശിക്ഷ) ഉണ്ടെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. 'ഹേഡീസ് (Haides - Grave, Hell) എന്ന ഗ്രീക്കുപദം പതിനൊന്നിടത്തുണ്ട്. പത്ത് സ്ഥാനത്ത് 'പാതാളം' എന്നും (മത്താ, 11:23, 16: 18, ലൂക്കൊ, 10:15, 16:23, അപ്പൊ, 2:27, 2:31, വെളി, 1:18, 6:8, 20:13, 20:14), ഒരിടത്ത് 'മരണം' എന്നും (1

കൊരി, 15:55) തർജ്ജമ ചെയ്തിരിക്കുന്നു. എബ്രായയിലെ ഷിയോളിനു തുല്യമാണ് ഗ്രീക്കിലെ ഹേഡീസ്. സെപ്റ്റ്വജിന്റിൽ (LXX) ഈ പദം എഴുപതിടത്തുണ്ട്. ഗ്രീക്ക് പുരാണകഥകളിൽ പാതാളത്തിന്റെ അധിപനാണ് ഹേഡിസ്. പ്ളൂട്ടോ എന്ന പേരും ഉപയോഗിക്കാറുണ്ട്. ഗ്രീക്ക് അധോലോകത്തിനും ഹേഡിസ് എന്നു തന്നെയാണ് പേര്. റോമൻ പുരാണ കഥകളിൽ ഹേഡിസ് എപ്പോഴും പ്ലൂട്ടോ എന്ന പേരിലാണ് അറിയപ്പെടുന്നത്. 'ടാർട്ടറൊസ്' (Tartaros) എന്ന ഗ്രീക്കുപദം പുതിയ നിയമത്തിൽ ഒരിടത്തേയുള്ളു. (2പത്രൊ, 2:4). അന്ധകാരനരകം എന്നർത്ഥം. പാപംചെയ്ത ദൂതന്മാരെ ഇവിടെയാണ് അടച്ചിട്ടിരിക്കുന്നത്. 'അബിസ്സൊസ്' (Abyssos) ഒൻപത് സ്ഥാനങ്ങളിലുണ്ട്. ആഴമുള്ള സ്ഥലമെന്നർത്ഥം. 'പാതാളം' (ലൂക്കൊ, 8:31, റോമ, 10:17), 'അഗാധകൂപം' (വെളി, 9:1, 9:2), 'അഗാതം' (വെളി, 9:11, 17:18, 20:1, 20: 3), 'ആഴം' (വെളി, 11:7). ദുർഭൂതങ്ങളെ അടച്ചിട്ടിരിക്കുന്ന സ്ഥലം. ഗദരദേശത്തിലെ ഭൂതഗ്രസ്തൻ തന്നെ അഗാധകൂപത്തിലേക്ക് അയക്കരുതെന്നാണ് യേശുവിനോടു അപേക്ഷിച്ചത്. (ലൂക്കൊ, 8:31). ലൂക്കൊസിലെ പാതാളമെന്ന തർജ്ജമ തെറ്റാണ്. അസംഖ്യമായ വെട്ടുക്കിളികളും അഗാധകൂപത്തിലുണ്ട്. (വെളി, 9:2-3). 'ഗീഹെന്നാ' (Ghehennah) പന്ത്രണ്ട് സ്ഥാനത്തുണ്ട്. (മത്താ, 5:22, 5: 29, 5:30, 10:28, 18:9, 23:14, 23: 33, മർക്കൊ, 9:44, 9:46, 9:47, ലൂക്കൊ, 12:5, യാക്കോ, 3:6). പാപികളുടെ അന്തിമ യാതനാസ്ഥലത്തെ കുറിക്കുവാൻ ക്രിസ്തു ഉപയോഗിച്ചതാണിത്. 'ഗേയ് ഹിന്നോം' (ഹിന്നോമിന്റെ താഴ്വര) എന്ന അരാമ്യ പദമാണ് ഗെയെന്ന അഥവാ ഗീഹെന്ന ആയി മാറിയത്. 'ഐനിയോസ് പ്യൂർ' (Aionios pyr - നിത്യാഗ്നി) മൂന്നിടത്തുണ്ട്. (മത്താ, 18:8, 25:41, യൂദാ, 1:

7). നരകത്തിലെ അഗ്നി ഒരിക്കലും അണയുന്നില്ല. (മർക്കൊ, 9: 44). 'ഐെനിയോസ് കൊലാസിസ്' (Aionios kolasis - നിത്യദണ്ഡനം) (മത്താ, 25:56). 1യോഹ, 4:8-ൽ 'കൊലാസിസ്' ദണ്ഡനമാണ്. നരകത്തിലെ ദണ്ഡനം ഒരിക്കലും അവസാനിക്കുന്നില്ല. 'ഐെനിയോസ് ക്രിസിസ്' (Aionios Krisis - നിത്യശിക്ഷ) (മർക്കൊ, 3:29). പരിശുദ്ധാത്മാവിനു നേരെ ദൂഷണം പറയുന്നവർക്കുള്ള ശിക്ഷയാണ്. എബ്രാ, 6:2-ൽ ഇത് 'അയോനിയസ് ക്രിമ - നിത്യശിക്ഷാവിധി' ആണ്. എനൊകൊസ് ഗീഹെന്ന (En-ochos Ghehennah) ഇംഗ്ലീഷിൽ Danger of Hell ആണ്. മലയാളത്തിൽ 'അഗ്നിനരകം' എന്നു തർജ്ജമ. (മത്താ, 5:22). ഗീഹെന്ന പ്യൂർ (Ghehe-nnah Pyr - അഗ്നിനരകം) (മത്താ, 18:9-ലും മർക്കൊ, 9: 47). 'കെടാത്ത തീയായ നരകം' എന്നു (മർക്കൊ, 9:44, 46) വാക്യങ്ങളിലുണ്ട്. 'ഐെനിയോസ് ഒലെത്രൊസ്' (Aion-ios Oli-thros - നിത്യനാശം) (2തെസ്സ, 1:10). ദൈവത്തെ അനുസരിക്കാത്തവർക്ക് നിത്യനാശമെന്ന ശിക്ഷാവിധിയാണ് ലഭിക്കുന്നത്. 'ഒലെത്രൊസ്' എന്ന പദത്തെ 'സംഹാരം' (1കൊരി, 5:5), 'നാശം' (1തെസ്സ, 5:3), 'സംഹാരനാശം' (1തിമൊ, 6:9) എന്നൊക്കെയും തർജ്ജമ ചെയ്തിട്ടുണ്ട്. 'എക്സോട്ടെറൊസ് സ്കോട്ടൊസ്' -- Exoteros Skotos - ഏറ്റവും പുറത്തുള്ള ഇരുട്ട് (മത്താ, 8:12, 22:13, 26:30). ഏറ്റവും പുറത്തുള്ള ഇരുട്ടു നരകത്തിന്റെ പര്യായമാണ്. 'ഡ്യുട്ടറസ് തനറ്റൊസ്' -- Deuteros Thanatos - രണ്ടാം മരണം (വെളി, 2:11, 20:6). നിത്യനാശം, നിത്യാഗ്നി, നിത്യദണ്ഡനം, നരകം എന്നൊക്കെ വ്യവഹരിക്കുന്നത് രണ്ടാം മരണമാണ്. 'ലിമ്നി ഹൊ പ്യൂർ' --Límne ho Pyr - തീപ്പൊയ്ക (വെളി, 20:14, 20:15). 'ഗന്ധക തീപ്പൊയ്ക' (19:20, 20:10), 'തീയും ഗന്ധകവും കത്തുന്ന പൊയ്ക' (വെളി,

2:8). ഇത് നരകശിക്ഷയുടെ കാഠിന്യം വെളിപ്പെടുത്തുന്നു.

## 2. പാതാളവും നരകവും

പാതാളവും നരകവും ഒന്നാണെന്നു കരുതുന്നവരാണ് അനേകരും. ഈ തെറ്റിദ്ധാരണ അനേകം ദുരുപദേശങ്ങൾക്ക് കാരണമായിട്ടുണ്ട്. പതാളവും നരകവും തമ്മിലുള്ള വ്യത്യാസം അറിയാൻ ക്രിസ്തുവിന്റെ പാപപരിഹാരബലിക്കു മുമ്പുള്ള അവസ്ഥയും പിമ്പുള്ള അവസ്ഥയും തമ്മിലുള്ള വ്യത്യാസമറിയണം. വീണ്ടെടുപ്പിന്റെ വേല മുഴുവൻ യേശുക്രിസ്തുവിന്റെ മരണം, പുനരുദ്ധാരണം, സ്വർഗ്ഗാരോഹണം എന്നിവയിൽ അധിഷ്ഠിതമാണ്. ക്രിസ്തുവിന്റെ ക്രൂശുമരണത്തിനു മുമ്പ് പാപത്തിനു പരിഹാരം നടന്നിട്ടില്ലായിരുന്നു. പഴയനിയമ ബലികളെല്ലാം പാപത്തെ ഓർമ്മപ്പെടുത്തുക മാത്രമാണ് ചെയ്തിരുന്നത്. "ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ലായ്കകൊണ്ടു ആണ്ടുതോറും ഇടവിടാതെ കഴിച്ചുവരുന്ന അതേ യാഗങ്ങളാൽ അടുത്തുവരുന്നവർക്കു സൽഗുണപൂർത്തി വരുത്തുവാൻ ഒരുനാളും കഴിവുള്ളതല്ല. അല്ലെങ്കിൽ ആരാധനക്കാർക്കു ഒരിക്കൽ ശുദ്ധിവന്നതിന്റെ ശേഷം പാപങ്ങളെക്കുറിച്ചുള്ള മനോബോധം പിന്നെ ഇല്ലായ്കകൊണ്ടു യാഗം കഴിക്കുന്നതു നിന്നുപോകയില്ലയോ? ഇപ്പോഴോ ആണ്ടുതോറും അവയാൽ പാപങ്ങളുടെ ഓർമ്മ ഉണ്ടാകുന്നു. കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തത്തിന്നു പാപങ്ങളെ നീക്കുവാൻ കഴിയുന്നതല്ല." (എബ്രാ, 10:1-4). ക്രിസ്തുവിന്റെ മരണപുനരുദ്ധാന സ്വർഗ്ഗാരോഹണങ്ങളോടു കൂടി പാപത്തിനു ശാശ്വതമായ പരിഹാരമുണ്ടായി. പഴയനിയമ ഭ

ക്തന്മാർ ഈ പാപപരിഹാരത്തിനായി കാത്തിരിക്കുക യായിരുന്നു. അവരുടെ വിശ്വാസം ക്രിസ്തുവിന്റെ ക്രൂശു മരണത്തിലൂടെ മാത്രമേ സാക്ഷാത്കരിക്കപ്പെടുമായിരു ന്നുള്ളു. "നിങ്ങളുടെ പിതാവായ അബ്രാഹാം എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു ഉല്ലസിച്ചു; അവൻ കണ്ടു സന്തോഷിച്ചുമിരിക്കുന്നു." (യോഹ, 8:56). ക്രിസ് തും ക്രൂശിൽ മരിക്കുന്നതുവരെയും പഴയനിയമ ഭക്ത ന്മാർ പാപങ്ങളിൽനിന്നു മുക്തരായിരുന്നില്ല. പൌലൊ സ് അപ്പൊസ്തലൻ ഇതു വ്യക്തമാക്കിയിട്ടുണ്ട്: "അതു കൊണ്ടു ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജ ഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വ രുന്നതു. ഇപ്പോഴോ ദൈവത്തിന്റെ നീതി, വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലു ള്ള ദൈവനീതി, തന്നേ, ന്യായപ്രമാണം കൂടാതെ വെളി പ്പെട്ടുവന്നിരിക്കുന്നു." (റോമ, 3:20-21). "വിശ്വസിക്കുന്ന വർക്കു അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകു വാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കു ന്നു. ദൈവം തന്റെ പൊറുമയിൽ മുൻകഴിഞ്ഞ പാപങ്ങ ളെ ശിക്ഷിക്കാതെ വിടുകനിമിത്തം തന്റെ നീതിയെ പ്ര ദർശിപ്പിപ്പാൻ, താൻ നീതിമാനും യേശുവിൽ വിശ്വസി ക്കുന്നവനെ നീതീകരിക്കുന്നവനും ആകേണ്ടതിന്നു ഇ ക്കാലത്തു തന്റെ നീതിയെ പ്രദർശിപ്പിപ്പാൻ തന്നേ അ ങ്ങനെ ചെയ്തതു." (റോമ, 3:25-26).

പഴയനിയമത്തിൽ നീതിമാൻ ദുഷ്ടൻ വ്യത്യസമില്ലാ തെ എല്ലാവരും ഒരുപോലെ പാതാളത്തിലേക്കു പോകു ന്നതായി കാണാം. നീതിമാന്മാർ:- യാക്കോബ്: "ഞാൻ ദുഃഖത്തോടെ എന്റെ മകന്റെ അടുക്കൽ പാതാളത്തിൽ ഇറങ്ങുമെന്നു പറഞ്ഞു. ഇങ്ങനെ അവന്റെ അപ്പൻ

അവ നെക്കുറിച്ചു കരഞ്ഞുകൊണ്ടിരുന്നു." (ഉല്പ, 37:35). ഇയ്യോബ്: "മരണത്തിലേക്കും സകലജീവികളും ചെന്നു ചേരുന്ന വീട്ടിലേക്കും നീ എന്നെ കൊണ്ടുപോകുമെന്നു ഞാൻ അറിയുന്നു. (30:23). ഞാനോ പാതാളത്തെ എന്റെ വീടായി പ്രതീക്ഷിക്കുന്നു; ഇരുട്ടിൽ ഞാൻ എന്റെ കിടക്ക വിരിച്ചിരിക്കുന്നു." (7:13). കോരഹ്പുത്രന്മാർ: "എന്റെ പ്രാണൻ കഷ്ടതകൊണ്ടു നിറഞ്ഞിരിക്കുന്നു; എന്റെ ജീവൻ പാതാളത്തോടു സമീപിക്കുന്നു." (സങ്കീ, 88:3). ഏഥാൻ: "ജീവിച്ചിരുന്നു മരണം കാണാതെയിരിക്കുന്ന മനുഷ്യൻ ആർ? തന്റെ പ്രാണനെ പാതാളത്തിന്റെ കയ്യിൽ നിന്നു വിടുവിക്കുന്നവനും ആരുള്ളു?" (സങ്കീ, 89:48). ഹിസ്ക്കിയാവ്: "എന്റെ ആയുസ്സിൻ മദ്ധ്യാഹ്നത്തിൽ ഞാൻ പാതാളവാതിലകം പൂകേണ്ടിവരുന്നു; എന്റെ ആണ്ടുകളുടെ ശേഷിപ്പും എനിക്കില്ലാതെ പോയി എന്നു ഞാൻ പറഞ്ഞു." (യെശ, 38:10). ദുഷ്ടന്മാർ:- "അവരും അവരോടു ചേർന്നിട്ടുള്ള എല്ലാവരും ജീവനോടെ പാതാളത്തിലേക്കു ഇറങ്ങി; ഭൂമി അവരുടെമേൽ അടകയും അവർ സഭയുടെ ഇടയിൽനിന്നു നശിക്കയും ചെയ്തു. (സംഖ്യാ, 16:33). "ഹിമജലം വരൾച്ചെക്കും ഉഷ്ണത്തിന്നും പാപം ചെയ്തവൻ പാതാളത്തിന്നും ഇരയാകുന്നു." (ഇയ്യോ, 24: 19). ദൈവത്തെ മറക്കുന്ന സകലജാതികളും പാതാളത്തിലേക്കു തിരിയും." (സങ്കീ, 9: 17). "ദുഷ്ടന്മാർ ലജ്ജിച്ചു പാതാളത്തിൽ മൌനമായിരിക്കട്ടെ." (സങ്കീ, 31:17). "മരണം പെട്ടെന്നു അവരെ പിടിക്കട്ടെ; അവർ ജീവനോടെ പാതാളത്തിലേക്കു ഇറങ്ങട്ടെ; ദുഷ്ടത അവരുടെ വാസസ്ഥലത്തും അവരുടെ ഉള്ളിലും ഉണ്ടു. (സങ്കീ, 55:15). പാതാളത്തിന്റെ അവസ്ഥ:- "അവിടെ ദുർജ്ജനം ഉപദ്രവിക്കാതെയിരിക്കുന്നു; അവിടെ ക്ഷീണിച്ചു പോയവർ വിശ്രമിക്കുന്നു. അവിടെ ബദ്ധ

ന്മാർ ഒരുപോലെ സുഖമായിരിക്കുന്നു; പീഡകന്റെ ശബ്ദം അവർ കേൾക്കാതിരിക്കുന്നു. ചെറിയവനും വലിയവനും അവിടെ ഒരുപോലെ; ദാസന്നു യജമാനന്റെ കീഴിൽ നിന്നു വിടുതൽ കിട്ടിയിരിക്കുന്നു." (ഇയ്യോ, 3:17-19). "മരണത്തിൽ നിന്നെക്കുറിച്ചു ഓർമ്മയില്ലല്ലോ; പാതാളത്തിൽ ആർ നിനക്കു സ്തോത്രം ചെയ്യും? (സങ്കീ, 6:5). "ചെയ്വാൻ നിന,ക്കു സംഗതിവരുന്നതൊക്കെയും ശക്തിയോടെ ചെയ്ക; നീ ചെല്ലുന്ന പാതാളത്തിൽ പ്രവൃത്തിയോ സൂത്രമോ, അറിവോ, ജ്ഞാനമോ ഒന്നും ഇല്ല." (സഭാ, 9:10). "പാതാളത്തിൽ നിന്നുള്ള മോചനം:- "യഹോവ കൊല്ലുകയും ജീവിപ്പിക്കയും ചെയ്യുന്നു. പാതാളത്തിൽ ഇറക്കുകയും ഉദ്ധരിക്കയും ചെയ്യുന്നു;" (ശമു, 2:6). "യഹോവേ, നീ എന്റെ പ്രാണനെ പാതാളത്തിൽനിന്നു കരേറ്റിയിരിക്കുന്നു; ഞാൻ കുഴിയിൽ ഇറങ്ങിപ്പോകാതിരിക്കേണ്ടതിന്നു നീ എനിക്കു ജീവരക്ഷ വരുത്തിയിരിക്കുന്നു." (സങ്കീ, 30:3). "പാതാളത്തിന്നു ആടുകളായി ഏല്പിച്ചിരിക്കുന്നു; മൃത്യു അവരെ മേയിക്കുന്നു; നേരുള്ളവർ പുലർച്ചെക്കു അവരുടെ മേൽ വാഴും; അവരുടെ രൂപം ഇല്ലാതെയാകും; പാതാളം അവരുടെ പാർപ്പിടം. എങ്കിലും എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽനിന്നു വീണ്ടെടുക്കും; അവൻ എന്നെ കൈക്കൊള്ളും." (സങ്കീ, 49:14-15). "ഞാൻ അവരെ പാതാളത്തിന്റെ അധീനത്തിൽ നിന്നു വീണ്ടെടുക്കും; മരണത്തിൽനിന്നു ഞാൻ അവരെ വിടുവിക്കും; മരണമേ, നിന്റെ ബാധകൾ എവിടെ? പാതാളമേ, നിന്റെ സംഹാരം എവിടെ? എനിക്കു സഹതാപം തോന്നുകയില്ല." (ഹോശേ, 13: 14). പാതാളവും നരകവും വിഭിന്നങ്ങളാണ് എന്നതിന്റെ തെളിവുകൾ: "പാതാളം അവന്റെ മുമ്പിൽ തുറന്നുകിടക്കുന്നു; നരകം മറയില്ലാതെയിരിക്കുന്നു." (ഇയ്യോ, 26:6).

"പാതാളവും നരകവും യഹോവയുടെ ദൃഷ്ടിയിൽ ഇരിക്കുന്നു; മനുഷ്യപുത്രന്മാരുടെ ഹൃദയങ്ങൾ എത്ര അധികം." (സദൃ, 15:11). "പാതാളത്തിന്നും നരകത്തിന്നും ഒരിക്കലും തൃപ്തിവരുന്നില്ല; മനുഷ്യന്റെ കണ്ണിന്നും ഒരിക്കലും തൃപ്തിവരുന്നില്ല." (സദൃ, 27:20). "മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇതു ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെ മേൽ രണ്ടാം മരണത്തിന്നു അധികാരം ഇല്ല." (വെളി, 20:5-6). "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം." (വെളി, 20:14).

ധനവാന്റെയും ലാസറിന്റെയും ഉപമയിൽ (ലൂക്കൊ, 16:19-31) പാതാളത്തിനു മൂന്നു ഭാഗങ്ങളുണ്ടെന്നു ക്രിസ്തും വെളിപ്പെടുത്തി. അബ്രഹാമിന്റെ മടി അഥവാ നീതിമാന്മാരുടെ നിവാസം: (ലൂക്കൊ, 16:22). ആദാം മുതലുള്ള സകല നീതിമാന്മാരുടെയും നിവാസം ഇതാണ്. യേശുക്രിസ്തു തന്റെ മരണത്തിൽ അബ്രഹാമിന്റെ മടിയെന്ന ഈ പറുദീസയിലായിരുന്നു. (ലൂക്കൊ, 23:43). മരണം ബദ്ധന്മാരാക്കിയ പഴയനിയമ വിശുദ്ധന്മാരെ പിടിച്ചു കൊണ്ടാണ് പുനരുത്ഥാനത്തിൽ ക്രിസ്തു ഉയരത്തിൽ കയറിയത്. അഥവാ അവരോടു താൻ അവരുടെ രക്ഷാപൂർത്തിയെക്കുറിച്ചുള്ള സദ്വർത്തമാനം ഘോഷിച്ചു. "അതുകൊണ്ടു: അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടു പോയി ഉയരത്തിൽ കയറി മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു" എന്നു പറയുന്നു. കയറി എന്നതിനാൽ അവൻ ഭൂമിയുടെ അധോഭാഗങ്ങളിലേക്കു ഇറങ്ങി എന്നു വരുന്നില്ലയോ? ഇറങ്ങിയവൻ സകലത്തെയും നിറെക്കേണ്ടതിന്നു സ്വർഗ്ഗാധിസ്വർഗ്ഗത്തിന്നു മീതെ കയറിയ

വനും ആകുന്നു." (എഫെ, 4:8-10, സങ്കീ, 68:18). "നീയോ--നിന്റെ നിയമ രക്തം ഹേതുവായി ഞാൻ നിന്റെ ബദ്ധന്മാരെ വെള്ളമില്ലാത്ത കുഴിയിൽനിന്നു വിട്ടയക്കും. പ്രത്യാശയുള്ള ബദ്ധന്മാരേ, കോട്ടയിലേക്കു മടങ്ങിവരുവിൻ; ഞാൻ നിനക്കു ഇരട്ടിയായി പകരം നല്കും എന്നു ഞാൻ ഇന്നു തന്നേ പ്രസ്താവിക്കുന്നു." (സെഖ, 9:11-2). നീതിമാന്മാരുടെ ഈ വാസസ്ഥലമാണ് പറുദീസ. പുനരുദ്ധാനംവരെയും വിശ്വാസികൾ ഇവിടെ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ ബോധപൂർവ്വം കഴിയുന്നു. "ആകയാൽ ഞങ്ങൾ എല്ലായ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ വസിക്കുമ്പോൾ ഒക്കെയും കർത്താവിനോടു അകന്നു പരദേശികൾ ആയിരിക്കുന്നു എന്നു അറിയുന്നു. കാഴ്ചയാൽ അല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നതു. ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു." (2കൊരി, 5:6-8ഫിലി, 1:23-24). പിളർപ്പ്: (ലൂക്കൊ, 16: 26). പറുദീസയെയും അധമപാതാളത്തെയും വേർതിരിക്കുന്നത് ഈ പിളർപ്പു കൊണ്ടാണ്. പാപംചെയ്ത ദൂതന്മാരെ എന്നേക്കും അടച്ചിട്ടിരിക്കുന്നത് ഇവിടെയാണെന്ന് കരുതപ്പെടുന്നു. ഗ്രീക്കു പുരാണമനുസരിച്ച് നരകത്തിന് ഒൻപത് തട്ടുകളുണ്ട്. അതിൽ ഏറ്റവും താഴെയാണ് അന്ധകാരനരകം അഥവാ ടാർട്ടറൊസ്. അധമപാതാളം: (ലൂക്കൊ, 16:23). ദുഷ്ടന്മാരുടെ ആത്മാക്കളുടെ നിവാസമാണ് അധമപാതാളം. ഒരു വലിയ പിളർപ്പുകൊണ്ട് പറുദീസയിൽ നിന്നു ഇതിനെ വേർതിരിച്ചിരിക്കുകയാണ്. കയിൻ മുതൽ സഹസ്രാബ്ദ വാഴ്ചവരെ മരിക്കുന്ന ലോകത്തുള്ള സകല പാപികളെയും അടച്ചിട്ടിരിക്കുന്ന താല്ക്കാലിക കാരാഗൃഹമാണ് അധമപാതാളം. പാപികളായ ആത്മാക്കൾ ഇവിടെ ബോധപൂർവ്വമാ

ണ് കഴിയുന്നതെന്ന് ക്രിസ്തു വ്യക്തമാക്കി.

ധനവാന്റെയും ലാസറിന്റെയും ഉപമ യഥാർത്ഥത്തിൽ ഉള്ളതല്ലെന്ന് പഠിപ്പിക്കുന്നവരുണ്ട്. ആത്മാവിന്റെ അമർത്യതയിലും, നിത്യശിക്ഷയിലും, നരകത്തിലും വിശ്വസിക്കാത്താവർ ഇതൊരു സങ്കല്പ കഥയാണെന്നാണ് ധരിച്ചിരിക്കുന്നത്. യേശു പറഞ്ഞ ഉപമകളൊക്കെ കളവായിരുന്നോ? സ്വർഗ്ഗരാജ്യത്തിന്റെയും, ലോകാവസാനത്തിന്റെയും, ദൈവരാജ്യത്തിന്റെയും മർമ്മങ്ങൾ യെഹൂദന്മാരായ ശിഷ്യന്മാർക്ക് മനസ്സിലാകുന്ന രീതിയിൽ പ്രതീകാത്മകമായി പറയുകയായിരുന്നു. യേശു പറഞ്ഞ എല്ലാ ഉപമകളിൽ നിന്നും വ്യത്യസ്ഥമായി ഇത് ഒരു സംഭവകഥ അഥവാ അക്ഷരാർത്ഥത്തിൽ ഉള്ളതാണെന്ന് മനസ്സിലാക്കാം. മറ്റു ഉപമകളിലൊന്നും ആരുടെയും പേർ പറയുന്നില്ല. ധനവാനും ലാസറും യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരായതുകൊണ്ടാണ് ലാസറിന്റെ പേരെടുത്തു പറയുന്നത്. ധനവാന്റെ പേർ പറയാത്തത് അവൻ മാനസാന്തരപ്പെടാത്തതുകൊണ്ടാണ്. (ലൂക്കൊ, 16:30). ധനവാന്റെ കുറ്റവും അതുതന്നെയാണ്. വിശുദ്ധന്മാരുടെ പേരു മാത്രമേ സ്വർഗ്ഗത്തുള്ളു. (എബ്രാ, 12:22). ഇതൊരു ഭാവാർത്ഥമോ സങ്കല്പമോ എന്നുവന്നാൽ സുവിശേഷങ്ങളിൽ യേശു പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും അങ്ങനെയേ കാണാൻ കഴിയൂ. അങ്ങനെ വന്നാൽ യേശു ഒരു കള്ളനും വഞ്ചകനുമാണന്നേ വരു. ക്രൂശിലെ കള്ളന്റെ അപേക്ഷയ്ക്ക് മറുപടിയായി യേശു പറഞ്ഞത് തെറ്റാണെന്ന് കരുതുന്നവരുമുണ്ട്. "പിന്നെ അവൻ: യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെ ഓർത്തുകൊള്ളേണമേ എന്നു പറഞ്ഞു. യേശു അവനോടു: "ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും എന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു" എന്നു പറഞ്ഞു."

(ലൂക്കൊ, 23: 42-43). ഈ വാക്യം 'ബൈബിൾ പുതിയ ലോകം ഭാഷാന്തരത്തിൽ' ഇങ്ങനെയാണ്. യേശു അയാളോടു പറഞ്ഞു; "സത്യമായി ഇന്നു ഞാൻ നിന്നോടു പറയുന്നു, നീ എന്റെകൂടെ പറുദീസയിൽ ഉണ്ടായിരിക്കും." (യഹോവാസാക്ഷികളുടെ ബൈബിൾ, New World Translation). ലോകത്തിൽ ഒരു ബൈബിളിൽ മാത്രമേ ഇങ്ങനെയൊരു വാക്യമുള്ളു. യേശു ആദ്യം മരിച്ചു. (യോഹ, 19:32). ശബ്ബത്തിൽ ശരീരങ്ങൾ കുരിശിൽ കിടക്കാൻ പാടില്ല. (19:31). അതുകൊണ്ട് കള്ളന്മാരടെ കാലുകൾ തല്ലിയൊടിച്ചു. (യോഹ, 19:32). തന്മൂലം കള്ളനും അന്നുതന്നെ മരിച്ചിരിക്കും. യേശു അന്നു തന്നെ പറുദീസയിലിറങ്ങി ബദ്ധന്മാരോടു വിടുതലറിയിച്ചു എന്നു ബൈബിളിൽ നിന്നു വ്യക്തമായി മനസ്സിലാക്കാം. പിന്നെന്തിന് കള്ളൻ സഹസ്രാബ്ദങ്ങൾ കാത്തിരിക്കണം. ഇവിടെ പറയുന്ന പറുദീസ സ്വർഗ്ഗമാണെന്നു തെറ്റിദ്ധരിച്ചതാകാം. മൂന്നാം സ്വർഗ്ഗത്തെയും പറുദീസ എന്നു പറഞ്ഞിട്ടുണ്ട്. (2കൊരി, 12:3). എന്നാൽ എല്ലാ പറുദീസയും സ്വർഗ്ഗമല്ല. 'പാരഡൈസൊസ്' എന്ന പദം സെപ്റ്റ്വജിന്റിൽ 25 പ്രാവശ്യമുണ്ട്. പുതിയനിയമത്തിൽ മൂന്നു പ്രവശ്യവും. പറുദീസ എന്ന പദത്തിനു കെട്ടിയടച്ച തോട്ടം എന്നാണർത്ഥം. പേർഷ്യൻ ചക്രവർത്തിമാർ തങ്ങളുടെ സുഖഭോഗങ്ങൾക്കായി സ്വകാര്യ ഉദ്യാനങ്ങൾ ഒരുക്കിയിരുന്നു. സ്വകാര്യത ഉറപ്പാക്കാനായി ഉദ്യാനങ്ങൾക്കു ചുറ്റും വലിയ മതിൽക്കെട്ടും ഉണ്ടാക്കുക പതിവായിരുന്നു. രാജാവു ബഹുമാനിക്കാൻ ആഗ്രഹി ക്കുന്നവരെ ഈ പറുദീസയിൽ വിളിച്ചുവരുത്തി സല്ക്കരിക്കുമായിരുന്നു. ഇത്തരം ക്ഷണം ലഭിക്കുക എന്നത് ഒരു വ്യക്തിക്കു ലഭിക്കുന്ന പരമോന്നത ബഹുമതിയായി കരുതിയിരുന്നു. മാനസാന്തരപ്പെട്ട കള്ളനോടു 'ഇന്നു നീ എ

ന്നോടുകൂടെ പറുദീസയിൽ ഇരിക്കും' എന്നു യേശു പറയുന്നതും ഇതിനോട് ചേർത്ത് ചിന്തിക്കണം. നീ യാതനാസ്ഥലത്തു പോകയില്ല, അബ്രഹാമിന്റെ മടി അഥവാ പറുദീസയിൽ എന്നോടൊപ്പം ആശ്വസിക്കും എന്നു സാരം. പറുദീസ എന്നു കാണുമ്പോൾ അത് സ്വർഗ്ഗമാണെന്ന് തെറ്റിദ്ധരിക്കുന്നതിന്റെ കുഴപ്പമാണ്. ബൈബിളിൽ പല വിധത്തിലുള്ള പറുദീസയെക്കുറിച്ചുള്ള വിവരമുണ്ട്. ദൈവത്തിന്റെ തോട്ടമായ പറുദീസ (യെഹെ, 28:13), ആദാമ്യപറുദീസ (ഉല്പ, 2:8, 3:1), പാതാള പറുദീസ (അബ്രഹാമിന്റെ മടി, ലൂക്കൊ, 16:22, 23:43), സഹസ്രാബ്ദ പറുദീസ (യെശ, 51:3), പുതിയ യെരുശലേം (വെളി, 2:7), മൂന്നാം സ്വർഗ്ഗം (2കൊരി, 12:3).

## 3. നരകത്തിന്റെ സ്വരൂപം

പഴയനിയമത്തിൽ 'അബദ്ദോൻ' എന്ന എബ്രായപദം ആറിടത്തുണ്ട്. വിനാശസ്ഥലം അഥവാ സംഹാരസ്ഥലമെന്നർത്ഥം. സത്യവേദപുസ്തകത്തിൽ അഞ്ചിടത്ത് 'നരകം' എന്നും ഒരിടത്ത് 'വിനാശം' എന്നും തർജ്ജമ ചെയ്തിരിക്കുന്നു. 'ഒലാം ഡെറോൺ' എന്ന പദം ദാനിയേലിൽ 'നിത്യനിന്ദ' എന്നു തർജ്ജമ ചെയ്തിരിക്കുന്നു. നീതിമാന്മർക്ക് നിത്യജീവനും ദുഷ്ടന്മാർക്ക് ലജ്ജയും നിത്യനിന്ദയും (ശിക്ഷ) ഉണ്ടെന്ന് ഈ വാക്യം വ്യക്തമാക്കുന്നു. പുതിയനിയമത്തിൽ 'ഗീഹെന്നാ' പന്ത്രണ്ട് സ്ഥാനത്തുണ്ട്. പാപികളുടെ അന്തിമ യാതനാസ്ഥലമാണിത്. 'ഗേയ് ഹിന്നോം' (ഹിന്നോമിന്റെ താഴ്വര) എന്ന അരാമ്യ പദമാണ് ഗെയെന്ന അഥവാ ഗീഹെന്ന ആയി മാറിയത്. യെശ, 66: 24-ൽ 'അതിക്രമക്കാരുടെ പുഴു ചാകയില്ല അവരുടെ തീ കെട്ടുപോകയില്ല' എന്നു വായിക്കുമ്പോൾ, യെരുശലേമിനു തെക്കുള്ള ഹിന്നോം താഴ്വരയുടെ ചിത്രമാണ്

യെഹൂദന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നത്. അവിടെ ഒരു ഭാഗത്തു തീ എരിയുകയും മറുഭാഗത്ത് പുഴു വർദ്ധിക്കുകയും ചെയ്തിരുന്നു. വിശ്വാസത്യാഗകാലത്ത് ശലോമോൻ മോലേക്കിന് പൂജാഗിരികൾ പണിതു പൂജകൾ നടത്തിയത് ഇവിടെയാണ്. (1രാജാ, 11:7). യിരമ്യാവിന്റെ കാലത്തു ആഹാസും മനശ്ശെയും മോലേക്കിനു ശിശുക്കളെ അഗ്നി പ്രവേശം ചെയ്യിച്ചിരുന്നു. (2രാജാ, 16:3, 23:10, 2ദിന, 28: 3, 33:6). ഈ മ്ലേച്ഛതകൾക്ക് അറുതി വരുത്തുവാൻ യോശീയ രാജാവ് ഹിന്നോം താഴ്വരയെ അശുദ്ധമാക്കി അവിടെ ശവങ്ങൾ എറിഞ്ഞു കളയുകയും ദഹിപ്പിക്കുകയും മനുഷ്യാസ്ഥികൾകൊണ്ടു നിറയ്ക്കുകയും ചെയ്തു. (2 രാജാ, 23:10-14, 2ദിന, 34:4-5). ഇങ്ങനെ ഈ താഴ്വര നഗരമാലിന്യങ്ങളുടെ ദഹനസ്ഥലമായി. അവിടെ അഗ്നി നിരന്തരം കത്തിക്കൊണ്ടിരുന്നു. ഇതിനെ കൊലത്താഴ്വര എന്നും വിളിച്ചിരുന്നു (യിര, 9:6). ഗീഹെന്നായും നരകമല്ല. യഥാർത്ഥനരകം 'തീപ്പൊയ്ക' (വെളി, 19:20, 20:14, 20: 15) അഥവാ 'തീയും ഗന്ധകവും കത്തുന്ന പൊയ്ക' (വെളി, 20:10, 21:8) ആണ്. ഇതിനെ 'രണ്ടാം മരണം' (വെളി, 2:11, 20:6) അഥവാ 'നിത്യനാശം' (2തെസ്സ, 1:10) എന്നും വിളിക്കുന്നു. നരകാവസ്ഥയുടെ ഭയാനകത വെളിപ്പെടു ൺത്തുവാനും ദുഷ്ടന്മാരുടെ അന്തിമ വാസസ്ഥലത്തെ കുറിക്കുവാനും യേശുക്രിസ്തു പ്രതീകാത്മകമായിട്ടാണ് ഗീഹെന്ന അഥവാ ഹിന്നോം താഴ്വര ഉപയോഗിച്ചത്. ദൈവം, സ്വർഗ്ഗം, ക്രിസ്തുവിലൂടെയുള്ള ജീവൻ ഇതൊക്ക നിത്യമായിരിക്കുന്നതുപോലെ നരകവും, നരകശിക്ഷയും നിത്യമാണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. നരകത്തിലെ ശിക്ഷയ്ക്കു നശീകരണ സ്വഭാവമല്ല, ദണ്ഡനസ്വഭാവമാണുള്ളത്. നരകം നിത്യമാണ്: നിത്യനാശം (2തെസ്സ, 1:10), രണ്ടാം മര

ണം (വെളി, 2:11, 20:6), നിത്യമരണം (ഗലാ, 6:8, 1യോഹ, 5;16,17, ICB, NCV, ERV Malayalam). ക്രിസ്തുവിലൂടെയുള്ള ജീവൻ നിത്യമായിരിക്കുന്നതുപോലെ ക്രിസ്തുവിനെ പിരിഞ്ഞുള്ള അവസ്ഥ അഥവാ നരകം നിത്യമായിരിക്കുമെന്നതിൽ ആർക്കും ഒരു സംശയവും വേണ്ട. നരകശിക്ഷ നിത്യമാണ്: നിത്യനിന്ദ (ദാനി 12:2), നിത്യദണ്ഡനം (മത്താ, 2546), നിത്യശിക്ഷ (മർക്കൊ, 3:29, എബ്രാ, 6:2), ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനം (1പത്രൊ, 2:4), ദണ്ഡനത്തിന്റെ പുക എന്നേക്കും പൊങ്ങും (വെളി, 14:11), രാപ്പകൽ ദണ്ഡനം (വെളി, 20: 10). രാപ്പകലിന് രാത്രിയും പകലുമെന്നുള്ള അർത്ഥമല്ലിവിടെ, ഇടവിടാതെ നിരന്തരം എന്നർത്ഥമാണുള്ളത്. നരകത്തിലെ തീ നിത്യമാണ്: നിത്യാഗ്നി (മത്താ, 18:8, 25: 41, യൂദാ, 1:7), അഗ്നിനരകം (മത്താ, 5:22, 18:9, മർ ക്കൊ, 9:47), കെടാത്ത തീയായ നരകം (മർക്കൊ, 9:44, 46), തീകൊണ്ട് ഉപ്പിടും (മർക്കൊ, 9:49). ആത്മാവു മാത്രമല്ല ദേഹിയും ദേഹവും ഉൾപ്പെട്ട പൂർണ്ണ മനുഷ്യനാണ് നരകത്തിൽ പോകുന്നത്: (മത്താ, 10:28, ലൂക്ക 124-5, യാക്കോ, 3:6).

### 4. നരകത്തിലെ ദണ്ഡനോപാധികൾ

നരകത്തിലെ ദണ്ഡനോപാധികൾ നരകശിക്ഷയുടെ കാഠിന്യം വെളിപ്പെടുത്തു ന്നു. തീ (അഗ്നി): "അവർ അവന്റെ രാജ്യത്തിൽനിന്നു എല്ലാ ഇടർച്ചകളെയും അധർമ്മം പ്രവർത്തിക്കുന്ന ഏവരെയും കൂട്ടിച്ചേർത്തു തീച്ചൂളയിൽ ഇട്ടുകളയുകയും, അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." (മത്താ, 13:40-41). "അഗ്നിനരകത്തിൽ എല്ലാവനും തീകൊണ്ടു ഉപ്പിടും." (മർക്കൊ, 9:49). "ജീവപുസ്ത കത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും." (വെളി, 20:15, മത്താ, 5:22,

18:9, മർക്കൊ, 9:47. യക്കോ, 3:6, വെളി, 4:10). ഗന്ധകം: "ദുഷ്ടന്മാരുടെമേൽ അവൻ കണികളെ വർഷിപ്പിക്കും; തീയും ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ പാനപാത്രത്തിലെ ഓഹരിയായിരിക്കും." (സങ്കീ, 11:6). "പണ്ടുതന്നേ ഒരു ദഹനസ്ഥലം ഒരുക്കീട്ടുണ്ടല്ലോ; അതു രാജാവിന്നായിട്ടും ഒരുക്കിയിരിക്കുന്നു; അവൻ അതിനെ ആഴവും വിശാലവും ആക്കിയിരിക്കുന്നു; അതിന്റെ ചിതയിൽ വളരെ തീയും വിറകും ഉണ്ടു; യഹോവയുടെ ശ്വാസം ഒരു ഗന്ധകനദിപോലെ അതിനെ കത്തിക്കും." (യെശ, 30:33). "ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും." (വെളി, 14:10). "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും." (വെളി, 20:10). പുഴു: "നിന്റെ ആഡംബരവും വാദ്യഘോഷവും പാതാളത്തിലേക്കു ഇറങ്ങിപ്പോയി; നിന്റെ കീഴെ പുഴുക്കളെ വിരിച്ചിരിക്കുന്നു; കൃമികൾ നിനക്കു പുതെപ്പായിരിക്കുന്നു." (യെശ, 14:11). "അവർ പുറപ്പെട്ടുചെന്നു, എന്നോടു അതിക്രമം ചെയ്ത മനുഷ്യരുടെ ശവങ്ങളെ നോക്കും; അവരുടെ പുഴു ചാകയില്ല; അവരുടെ തീ കെട്ടുപോകയില്ല; അവർ സകലജഡത്തിന്നും അറെപ്പായിരിക്കും." (യെശ, 60: 24). "അവിടെ അവരുടെ പുഴു ചാകുന്നില്ല. തീ കെടുന്നതുമില്ല." (മർക്കൊ, 9:48). കൃമി: "അവർ ഒരുപോലെ പൊടിയിൽ കിടക്കുന്നു; കൃമി അവരെ മൂടുന്നു." (ഇയ്യോ, 21:26). "പുഴു അവരെ വസ്ത്രത്തെപ്പോലെ അരിച്ചുകളയും; കൃമി അവരെ കമ്പിളിയെപ്പോലെ തിന്നുക

ളയും;" (യെശയ്യാ 51:8, 14:11). പുക: "അവൻ അഗാധ കൂപം തുറന്നു; ഉടനെ പെരുഞ്ചൂളയിലെ പുകപോലെ കൂപത്തിൽനിന്നു പുകപൊങ്ങി; കൂപത്തിന്റെ പുകയാൽ സൂര്യനും ആകാശവും ഇരുണ്ടു പോയി. വെളി, 9:2. "അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും." (വെളി, 14:11). ഇരുട്ട്: "രാജ്യത്തിന്റെ പുത്രന്മാരേയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (മത്താ, 8:12). "ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു." (മത്താ, 22:13). "എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും." (മത്താ, 25:30). ചങ്ങല: "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും" (2പത്രൊ, 2:4). "തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ മഹാദിവസത്തിന്റെ വിധിക്കായി എന്നേക്കുമുള്ള ചങ്ങലയിട്ടു അന്ധകാരത്തിൻ കീഴിൽ സൂക്ഷിച്ചിരിക്കുന്നു." (യൂദാ, 6). "അനന്തരം ഒരു ദൂതൻ അഗാധത്തിന്റെ താക്കോലും ഒരു വലിയ ചങ്ങലയും കയ്യിൽ പിടിച്ചുകൊണ്ടു സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങുന്നതു ഞാൻ കണ്ടു. അവൻ പിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആണ്ടേക്കു ചങ്ങലയിട്ടു." (വെളി, 20:1-2).

## 5. നരകവാസികൾ

ദൈവം നരകം നിർമ്മിച്ചിരിക്കുന്നത് മനുഷ്യർക്കുവേണ്ടിയല്ല, സാത്താനും അവന്റെ ദൂതന്മാർക്കും വേണ്ടിയാണ്. (മത്താ, 25:41). മനുഷ്യർ ആരും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കണമെന്നാണ് ദൈവത്തിന്റെ ആഗ്രഹം. (യോഹ, 3:16). ദുഷ്ടന്റെ മരണത്തിലല്ല, അവൻ തന്റെ വഴി വിട്ടുതിരിഞ്ഞ് ജീവിക്കണമെന്നാണ് യഹോവയുടെ താല്പര്യം. (യെഹെ, 18:23, 33:11). ദൈവത്തെ അനുസരിക്കാതെ സാത്താനെ അനുഗമിക്കുന്നതു കൊണ്ടാണ് മനുഷ്യർ നരകത്തിൽ പോകുന്നത്. കർത്താവിന്റെ വരവ് താമസ്സം എന്നു വിചാരിക്കുന്നവരോട് അപ്പൊസ്തലൻ പറയുന്നന്നു; 'ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു.' (2പത്രൊ, 3:9). സാത്താനും അവന്റെ ദൂതന്മാരും: "പിന്നെ അവൻ ഇടത്തുള്ളവരോടു: ശപിക്കപ്പെട്ടവരെ, എന്നെ വിട്ടു പിശാചിന്നും അവന്റെ ദൂതന്മാർക്കും ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ." മത്താ, 25: 41. "അവരെ വഞ്ചിച്ച പിശാചിനെ മൃഗവും കള്ളപ്രവാചകനും കിടക്കുന്ന ഗന്ധകത്തീപ്പൊയ്കയിലേക്കു തള്ളിയിടും; അവർ എന്നെന്നേക്കും രാപ്പകൽ ദണ്ഡനം സഹിക്കേണ്ടിവരും." (വെളി, 20:10). മൃഗവും കള്ളപ്രവാചകന്മാരും: "മൃഗത്തെയും അതിന്റെ മുമ്പാകെ താൻ ചെയ്ത അടയാളങ്ങളാൽ മനുഷ്യരെ ചതിച്ചു മൃഗത്തിന്റെ മുദ്ര ഏല്പിക്കയും അതിന്റെ പ്രതിമയെ നമസ്കരിപ്പിക്കയും ചെയ്ത കള്ളപ്രവാചകനെയും പിടിച്ചുകെട്ടി ഇരുവരെയും ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ ജീവനോടെ തള്ളിക്കളഞ്ഞു." (വെളി, 19: 20). പാപം ചെയ്ത ദൂതന്മാർ: "പാപം ചെയ്ത ദൂതന്മാരെ ദൈവം ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി

ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും" (2പത്രൊ, 2:4. യൂദാ, 6). മൃഗത്തെയും പ്രതിമയെയും നമസ്കരിച്ചവരും മുദ്രയേറ്റവരും: "മൂന്നാമതു വേറൊരു ദൂതൻ അവരുടെ പിന്നാലെ വന്നു അത്യുച്ചത്തിൽ പറഞ്ഞതു: മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിച്ചു നെറ്റിയിലോ കൈമേലോ മുദ്ര ഏല്ക്കുന്നവൻ ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും; വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിന്നും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിന്റെ മുദ്ര ഏല്ക്കുന്ന ഏവന്നും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല." (വെളി, 14:9-11). അവിശ്വാസികളും ദുഷ്ടന്മാരും: "എന്നാൽ ഭീരുക്കൾ, അവിശ്വാസികൾ അറെക്കപ്പെട്ടവർ കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ: അതു രണ്ടാമത്തെ മരണം." (വെളി, 21:8). അന്യായം ചെയ്യുന്നവർ: "അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല." (1കൊരി, 6:9-10). ജഡത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവർ: "ജഡത്തിന്റെ പ്രവൃത്തികളോ ദുർന്നടപ്പു, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശ

ങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം, വെറിക്കൂത്തു മുതലായവ എന്നു വെളിവാകുന്നു; ഈ വക പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു ഞാൻ മുമ്പെ പറഞ്ഞതു പോലെ ഇപ്പോഴും നിങ്ങളോടു മുൻകൂട്ടി പറയുന്നു." (ഗലാ, 5:19-21). ജീവപുസ്തകത്തിൽ പേരില്ലാത്തവർ: "ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവനെയും തീപ്പൊയ ്കയിൽ തള്ളിയിടും." (വെളി, 20:15). മരണവും പാതാളവും: "മരണത്തെയും പാതാളത്തെയും തീപ്പൊയ്കയിൽ തള്ളിയിട്ടു; ഈ തീപ്പൊയ്ക രണ്ടാമത്തെ മരണം." (വെളി, 20: 14).

### 6. നരകത്തിലെ അനുഭവം

നരകത്തിലെ ദണ്ഡനോപാധികൾ, നരകവാസികൾ എന്നിവയെക്കുറിച്ച് നാം കണ്ടുകഴിഞ്ഞു. നരകയാതയും തീവ്രമായിരിക്കും. ദുഷ്ടന്മാരുടെ താല്ക്കാലിക വാസസ്ഥലമായ അധമപാതാളത്തെ യാതനാസ്ഥലമെന്നാണ് വിളിക്കുന്നത്. (ലൂക്കൊ, 6:28). 'ഞാൻ ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു' എന്നാണ് ധനവാൻ വിളിച്ചു പറഞ്ഞത്. (ലൂക്കൊ, 16:24). നരകശിക്ഷയുടെ കാഠിന്യം വ്യക്തമാക്കുവാൻ ക്രിസ്തു അനേക സ്ഥലങ്ങളിൽ ഉപയോഗിച്ച പ്രയോഗമാണ് കരച്ചിലും പല്ലുകടിയും. കോപം, കഷ്ടം, നിരാശ, വേദന, വിദ്വേഷം എന്നിവയുടെ ആധിക്യം കൊണ്ടാണ് കരച്ചിലും പല്ലുകടിയും ഉണ്ടാകുന്നത്. "രാജ്യത്തിന്റെ പുത്രന്മാരേയോ ഏറ്റവും പുറത്തുള്ള ഇരുളിലേക്കു തള്ളിക്കളയും; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (മത്താ, 8:12). "രാജാവു ശുശ്രൂഷക്കാരോടു: ഇവനെ കയ്യും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരു

ട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു." (മത്താ, 22:13, 13:41-42, 13: 49-50, 25:30, ലൂക്കൊ, 13:28). പക്ഷെ നരകയാതന എല്ലാവർക്കും ഒരുപോലെ ആയിരിക്കില്ല. (റോമ, 2:6). നരകശിക്ഷ അനുഭവിക്കുന്ന എല്ലാവരും ദുഷ്ടന്മാരാണെങ്കിലും അവരുടെ ദുഷ്ടതകൾക്ക് ഏറ്റക്കുറച്ചിലുകൾ ഉണ്ട്. അതനുസരിച്ചുവേണം ശിക്ഷ വിധിക്കാൻ. കാരണം ദൈവം നീതിയുള്ള ന്യായാധിപതി ആകുന്നു. (2തിമൊ, 4:8). "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും." (മത്താ, 16:27). "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിന്നു തക്കവണ്ണം പ്രാപിക്കേണ്ടതിന്നു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." (2കൊരി, 5:10). "സമുദ്രം തന്നിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; മരണവും പാതാളവും തങ്ങളിലുള്ള മരിച്ചവരെ ഏല്പിച്ചുകൊടുത്തു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തികൾക്കടുത്ത വിധി ഉണ്ടായി." (വെളി, 20: 13, 22:12). നരകശിക്ഷയുടെ തരഭേതം വ്യക്തമാക്കുവാനാണ് ക്രിസ്തു അടിയുടെ സാദൃശ്യം ഉപയോഗിച്ചത്. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസന്നു വളരെ അടി കൊള്ളും. അറിയാതെ കണ്ടു അടിക്കു യോഗ്യമായതു ചെയ്തവന്നോ കുറയ അടി കൊള്ളും; വളരെ ലഭിച്ചവനോടു വളരെ ആവശ്യപ്പെടും; അധികം ഏറ്റുവാങ്ങിയവനോടു അധികം ചോദിക്കും." (ലൂക്കൊ, 12:47-48). നരകശിക്ഷ നിത്യത മഴുവൻ അനുഭവിക്കേണ്ടി വരും. കാരണം ദൈവത്തിനു മന

സ്സലിവില്ലാത്തതു കൊണ്ടല്ല. മറിച്ച് നരകശിക്ഷയുടെ കാഠിന്യം പോലും ദുഷ്ടനെ പരിവർത്തനവിധേയമാക്കുന്നത് അപൂർവ്വമാണ്. അവരുടെ ഹൃദയം കൂടുതൽ കഠിനപ്പെടുകയേഉള്ളൂ. ക്രൂശിന്റെ കഠിന വേദനയിലും ദുഷ്പ്രവൃത്തിക്കാരിൽ ഒരുവൻ ക്രിസ്തുവിനെ ദുഷിച്ചു. (ലൂക്കൊ, 23:39). മഹോപദ്രവകാലം നരകയാതനയ്ക്ക് ഒരു നിഴലാണ്. അന്നാളിൽ പീഡ കഠിനമാകുമ്പോൾ മാനസാന്തരപ്പെടാതെ മനുഷ്യർ ദൈവത്തെ ദുഷിക്കുകയാണ് ചെയ്യുന്നത്. "മനുഷ്യർ അത്യുഷ്ണത്താൽ വെന്തുപോയി; ഈ ബാധകളുടെമേൽ അധികാരമുള്ള ദൈവത്തിന്റെ നാമത്തെ ദുഷിച്ചതല്ലാതെ അവന്നു മഹത്വം കൊടുപ്പാൻ തക്കവണ്ണം മാനസാന്തരപ്പെട്ടില്ല." (വെളി, 16:9). "അവർ കഷ്ടതനിമിത്തം നാവു കടിച്ചുംകൊണ്ടു കഷ്ടങ്ങളും വ്രണങ്ങളും ഹേതുവാൽ സ്വർഗ്ഗത്തിലെ ദൈവത്തെ ദുഷിച്ചതല്ലാതെ തങ്ങളുടെ പ്രവൃത്തികളെ വിട്ടു മാനസാന്തരപ്പെട്ടില്ല." (വെളി, 16:11). നരകത്തിലെ സ്ഥിതിയും വ്യത്യസ്തമായിരിക്കില്ല.

പാപത്തിന് ശിക്ഷയുണ്ട്. (ദാനി, 12:2, മത്താ, 10:15, മർക്കൊ, 16:16, യോഹ, 5:28, എബ്രാ, 9:27). ഈ ശിക്ഷ നിത്യമാണെന്നും ബൈബിൾ വ്യക്തമാക്കുന്നു. (മത്താ, 18:8, 25:41, 25:46, മർക്കൊ, 3:29, 9:44-46, വെളി, 14:11, 20:10). എന്നാൽ ഇതിനെതിരായി ചില നൂതന ചിന്താഗതികൾ ഉയർന്നിട്ടുണ്ട്. അന്തിമഘട്ടത്തിൽ എല്ലാവരും രക്ഷിക്കപ്പെടുമെന്നതാണ് ഒരു വാദം ബൈബിളിലെ ചില ഭാഗങ്ങൾ വേർപെടുത്തി വായിക്കുമ്പോൾ അങ്ങനെ തോന്നുമെങ്കിലും തിരുവെഴുത്തുകളുടെ ഉപദേശം മറിച്ചാണ്. "ദൈവം തന്റെ പുത്രനെ ലോകത്തിൽ അയച്ചതു ലോകത്തെ വിധിപ്പാനല്ല ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ." (യോഹ, 3:17). "ഇങ്ങനെ യി

സ്രായേൽ മുഴുവനും രക്ഷിക്കപ്പെടും." (റോമ, 2:26). ഇതൊക്കെയാണ് ആവാക്യങ്ങൾ. ആരും നശിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. (യോഹ, 3:16, 2പത്രൊ, 3:9). സ്വന്തമായി തീരുമാനമെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. (ഉല്പ, 1:26). അതുതന്നെയാണ് മൃഗങ്ങളിൽനിന്ന് മനുഷ്യനെ വേർതിരിക്കുന്ന ഘടകവും. ദൈവം ആരെയും ബലം പ്രയോഗിച്ച് രക്ഷയിലേക്ക് നടത്തുന്നില്ല. അപ്പോൾത്തന്നെ സുവിശേഷകന്മാർ മുഖേന നിർബ്ബന്ധിച്ചുകൊണ്ടിരിക്കയാണ്. (1കൊരി, 9:16). അവനവന്റെ നഷ്ടത്തിനുത്തരവാദി അവനവൻ തന്നെയാണ്. അപ്പൊസ്തലൻ പറയുന്നു; "എന്നാൽ നിന്റെ കാഠിന്യത്താലും അനുതാപമില്ലാത്ത ഹൃദയത്താലും നീ ദൈവത്തിന്റെ നീതിയുള്ള വിധി വെളിപ്പെടുന്ന കോപദിവസത്തേക്കു നിനക്കു തന്നേ കോപം ചരതിച്ചുവെക്കുന്നു." (റോമ, 2:5). മനുഷ്യന്റെ അമർത്യത സോപാധികമാണെന്നാണ് വേറൊരുപദേശം. ഒരുവൻ ക്രിസ്തുവിൽ വിശ്വസിച്ചു രക്ഷ നേടുകയാണെങ്കിൽ അവന് അമർത്യജീവൻ ലഭിക്കും; അല്ലെങ്കിൽ മരണത്തോടു കൂടി അവൻ അവസാനിക്കും. ദുഷ്ടന്റെ നാശത്തെക്കുറിച്ച് പറയുന്ന അനവധി വാക്യങ്ങളുണ്ട്; (സങ്കീ, 9:5, 10:16, 37:20, 49:12, 49:20, 92:7, 92:9, സഭാ, 9:5-6, യെശ, 41:11) തുടങ്ങിയവ. ഈ വാക്യങ്ങളൊന്നും ഉൻമൂലനാശത്തെ കുറിക്കുന്നില്ല. 'അയ്യോ, കഷ്ടം ഞാൻ നശിച്ചു' (6:5) എന്നു യെശയ്യാവ് പറയുന്നതും, 'ഞങ്ങൾ നശിച്ചുപോകുന്നു' (മത്താ, 8:25, മർക്കൊ, 4:38, ലൂക്കൊ, 8:24) എന്നു ശിഷ്യന്മാർ നിലവിളിച്ചതും അന്ത്യന്ത നാശം എന്ന അർത്ഥത്തിലല്ല. ഇവിടെയൊക്കെ ഭൌതീക ശരീരം അഥവാ താല്ക്കാലിക നാശമാണ് വിവക്ഷ. ക്രിസ്തുവിലുള്ള ജീവൻ നിത്യജീവനാണ്. "അവനിൽ വി

ശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കേണ്ടതിന്നു തന്നേ." (യോഹ, 3:15). ക്രിസ്തു നിത്യാത്മാവിനാൽ ഒരുക്കിയ രക്ഷ നിത്യരക്ഷയാണ്. "ആട്ടു കൊറ്റന്മാരുടെയും കാളകളുടെയും രക്തവും മലിനപ്പെട്ടവരുടെ മേൽ തളിക്കുന്ന പശുഭസ്മവും ജഡികശുദ്ധി വരുത്തുന്നു എങ്കിൽ നിത്യാത്മാവിനാൽ ദൈവത്തിന്നു തന്നെത്താൻ നിഷ്കളങ്കനായി അർപ്പിച്ച ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ നിർജ്ജീവപ്രവൃത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും? (എബ്രാ, 9:13-14). കേവല മരണത്തിൽനിന്നു രക്ഷിച്ച് ഒരു നിത്യജീവനും, തല്ക്കാല ശിക്ഷയിൽനിന്നു രക്ഷിക്കാൻ തന്റെ മരണത്താൽ ഒരു നിത്യയാഗവും കഴിക്കേണ്ട ആവശ്യമുണ്ടോ? 'ദൈവം സ്നേഹമാകുന്നു.' (1യോഹ, 4:8). സ്നേഹനിധിയായൊരു ദൈവത്തിന് നരകശിക്ഷ അനുവദിക്കാൻ കഴിയില്ലന്നാണ് ഇനിയൊരു വാദം. ദൈവത്തെ സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരുടെ കാര്യത്തിൽ ഈ വാദം ശരിയാണ്. "എന്നാൽ ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയപ്രകാരം വിളിക്കപ്പെട്ടവർക്കു തന്നേ, സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." (റോമ, 8:28). അല്ലാത്തവർക്ക് ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. "നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ." (എബ്രാ, 12:29). നരകം, അഗ്നിനരകം, കെടാത്ത തീയായ നരകം, നിത്യനിന്ദ, നിത്യാഗ്നി, നിത്യദണ്ഡനം, നിത്യനാശം, നിത്യശിക്ഷ, ന്യായവിധി ദിവസത്തിലെ ദണ്ഡനം, ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനം, രാപ്പകൽ ദണ്ഡനം എന്നൊക്കെ ബൈബിൾ പറഞ്ഞിരിക്കുന്നത് വെറുതെയോ? നിങ്ങൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവനാണെങ്കിൽ ഉറപ്പിച്ചോളൂ നിങ്ങൾക്കൊരു ശിക്ഷാ

വിധി ഉണ്ടാകില്ല. (റോമ, 8:1). അല്ലെങ്കിൽ ജ്വാലയിൽ കിടന്ന് ധനവാനെപ്പോലെ യാതന അനുഭവിക്കാൻ ഒരുങ്ങിക്കോളൂ.

## 7. നരകം എവിടെയാണ്

ദൈവത്തിന്റെ സിംഹാസനം അഥവാ സ്വർഗ്ഗത്തിന്റെ ദർശനം ദൈവം മനുഷ്യർക്ക് മറച്ചിരിക്കുകയാണ്. (ഇയ്യോ, 26:9). എന്നാൽ അതേ ദൈവം നരകത്തെ മറയില്ലാതെ വെച്ചിരിക്കുകയാണ്. "പാതാളം അവന്റെ മുമ്പിൽ തുറന്നുകിടക്കുന്നു; നരകം മറയില്ലാതെയിരിക്കുന്നു." (ഇയ്യോ, 26:6). അങ്ങനെയെങ്കിൽ മനുഷ്യർക്ക് നരകത്തെക്കുറിച്ച് എന്തെങ്കിലുമൊരു സൂചന ഉണ്ടാവേണ്ടതല്ലേ? ആകാശഗംഗ അഥവാ ക്ഷീരപഥം എന്നറിയപ്പെടുന്ന നമ്മുടെ സൌരയൂഥം ഉർപ്പെടുന്ന ഗ്യാലക്സിയിൽ മാത്രം ചെറുതും വലുതുമായ നൂറോളം തമോഗർത്തങ്ങൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. നക്ഷത്രങ്ങൾ കാലഹരണപ്പെടുമ്പോൾ ഉണ്ടാകുന്ന പൊട്ടിത്തെറിയിലാണ് ഇത്തരം തമോഗർത്തങ്ങൾ രൂപപ്പെടുന്നത്. ഒരു ഇടത്തരം തമോഗർത്തത്തിന് 1000 സൂര്യന്റെയത്ര പിണ്ഡവും (Mass) ഭൂമിയുടെയത്ര വലിപ്പവുമാണ് ഉണ്ടാകുക. അതിഭീമമായ സാന്ദ്രതയുള്ള പ്രപഞ്ചിക കെണികളാണ് തമോഗർത്തമെന്നാണ് ശാസ്ത്രനിഗമനം. പ്രകാശത്തെപ്പോലും കടത്തിവിടാത്തത്ര ശക്തമായ ഗുരുത്വാകർഷണമാണ് തമോഗർത്തങ്ങളുടെ സവിശേഷത. തമോഗർത്തത്തിന്റെ അതിഭീമമായ ഗുരുത്വാകർഷണം മൂലം വാതക മേഘത്തിന്റെ മുൻഭാഗം വലിച്ചുനീട്ടപ്പെടുന്നത് ഗവേഷകർ നിരീക്ഷിച്ചിട്ടുണ്ട്. തമോഗർത്തത്തിൽ ദ്രവ്യം പതിക്കുമ്പോൾ ചില മിന്നലുകൾ പുറത്തുവരുന്നതും കണ്ടെത്തിയിട്ടുണ്ട്. പ്രകാശം പോലും കടത്തിവിടാ

ത്തതുകാരണം പരോക്ഷനിരീക്ഷണം വഴിയാണ് തമോ ഗർത്തങ്ങളെക്കുറിച്ച് പഠിക്കുന്നത്. അതിശക്തമായ ആകർഷണ വലയത്തിൽപ്പെട്ടു വലിച്ചടുപ്പിക്കപ്പെടുന്ന ബഹിരാകാശദ്രവ്യം പുറത്തുവിടുന്ന കൊടുംചൂടും ഊർ ജപ്രവാഹവും നിരീക്ഷിച്ചാണ് തമോഗർത്തത്തിന്റെ സാ ന്നിദ്ധ്യം ശാസ്ത്രജ്ഞർ മനസ്സിലാക്കുന്നത്. ശാസ്ത്രലോ കത്തിന് തമോഗർത്തം ഇപ്പോഴും ഒരു പ്രഹേളികയാണ്.

### തമോഗർത്തങ്ങളുടെ വിവിധ ദൃശ്യങ്ങൾ

നിലവിൽ നമ്മുടെ ക്ഷീരപദത്തിന്റെ (Galaxy) കേന്ദ്ര ത്തിൽ 'സജിറ്റേറയസ് എ' എന്ന ഒരു അതിപിണ്ഡ തമോ ഗർത്തമുണ്ട്. ഇത് 26,000 പ്രകാശവർഷങ്ങൾ അകലെ സ്ഥിതിചെയ്യുന്നു. സൂര്യനേക്കാൾ 40 ലക്ഷം മടങ്ങാണ് ഇതിന്റെ പിണ്ഡം. ഭൂമിക്കു സൂര്യനേക്കാൾ 3.3 ലക്ഷം



കുറവു പിണ്ഡമാണുള്ളത്. 2015 നവംബറിൽ വലിപ്പ ത്തിൽ രണ്ടാമനായ പുതിയൊരു തമോഗർത്തം കൂടി ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്: സൗരയൂഥം ഉൾ പ്പെടുന്ന നക്ഷത്രസമൂഹമായ ക്ഷീരപഥത്തിന്റെ കേന്ദ്ര ത്തിൽനിന്ന് 200 പ്രകാശവർഷം അകലെ പുതിയ ത

മോഗർത്തം കണ്ടെത്തിയതായി ശാസ്ത്രജ്ഞന്മാർ. വാതകപടലങ്ങളാൽ ചുറ്റപ്പെട്ട ഈ തമോഗർത്തത്തെ ജപ്പാനിൽനിന്നുള്ള ശാസ്ത്രജ്ഞരാണു കണ്ടെത്തിയത്. ക്ഷീരപഥത്തിന്റെ ഈ ഭാഗത്തു വിഷവാതകങ്ങൾ അസ്വാഭാവികമായി ചലിക്കുന്നതു ശ്രദ്ധയിൽപെട്ട ശാസ്ത്രജ്ഞന്മാർ, കാരണം അന്വേഷിച്ചു നടത്തിയ പഠനമാണു രണ്ടാമതൊരു തമോഗർത്തം കണ്ടെത്താൻ ഇടയാക്കിയത്. 150 ലക്ഷം കോടി കിലോമീറ്ററിൽ പരന്നുകിടക്കുന്ന തമോഗർത്തത്തിനു സൂര്യനെക്കാൾ ഒരു ലക്ഷം മടങ്ങു പിണ്ഡമുണ്ട്. ചിലെയിലെ അറ്റക്കാമ മരുഭൂമിയിൽ സ്ഥാപിച്ചിട്ടുള്ള അൽമാ ടെലിസ്കോപ്പ് ഉപയോഗിച്ചാണു നിരീക്ഷണം നടത്തിയത്. ക്ഷീരപഥത്തിന്റെ കേന്ദ്രത്തിലുള്ള തമോഗർത്തമായ 'സജിറ്റേറിയസ് എ' കഴിഞ്ഞാൽ രണ്ടാമത്തെ വലിയ തമോഗർത്തമായിരിക്കും ഇത്. ഭാവിയിൽ സജിറ്റേറിയസിലേക്ക് ഇതു ലയിക്കപ്പെടുമെന്നാണു ശാസ്ത്രജ്ഞന്മാരുടെ നിഗമനം. രണ്ടു തമോഗർത്തങ്ങളും കൂടിച്ചേർന്നാൽ നമ്മുടെ മാതൃഗാലക്സിയെ അപ്പാടെ വിഴുങ്ങാൻ കഴിയുന്നത്ര വലിപ്പമുണ്ടാകുമെന്നാണ് കരുതപ്പെടുന്നത്. ഈ തമോഗർത്തത്തിന് ബൈബിൾ പറയുന്ന നരകവുമായിട്ട് എന്തെങ്കിലും സാമ്യമുണ്ടോ? 'പ്രകാശം കടത്തിവിടുന്നില്ല -- കൂരിരുട്ട്.' (മത്താ, 8:12, 22:13). 'കൊടുംചൂടും ഊർജ്ജപ്രവാഹവും -- നിത്യാഗ്നി.' (മത്താ, 5:22, 18: 8). 'വിഷവാതകങ്ങളുടെ ചലനം -- ഗന്ധകപ്പൊയ്ക.' (വെളി, 14:10, 19: 20, 21:8). വിശ്വസിക്കാൻ മനസ്സുള്ളവർ വിശ്വസിക്കട്ടെ!

ദൈവത്തിന്റെ വചനം വസ്തുനിഷ്ഠമായി പഠിക്കുന്നവരിൽതന്നെ ഒരു നരകമോ നിത്യശിക്ഷയോ ഇല്ലെന്നു വിശ്വസിക്കാനാണ് പലർക്കുമിഷ്ടം. യാഥാർത്ഥ്യം അതല്ലാത്തതുകൊണ്ടും, വിജയകരമായ ഒരു ക്രിസ്തീ

യ ജീവിതത്തിന് അതു തടസ്സമാകുമെന്നതുകൊണ്ടും സ്വർഗ്ഗസൗഭാഗ്യങ്ങളെപ്പോലെ തന്നേ നരകവും നരകയാതനയും യാഥാർത്ഥ്യമാണെന്ന് ഏതൊരു ഭക്തനും വിശ്വസിക്കണമെന്നാണ് ഈയുള്ളവന്റെ പക്ഷം. സകലവും വിവേചിച്ച് ഗ്രഹിക്കുവാനും ദൈവനാമ മഹത്വത്തിനായി ജീവിക്കുവാനും എല്ലാവരെയും കരുണമയനായ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

08/01/2017 ക്രിസ്തേശുവിന്റെ ബദ്ധൻ
ഫോർട്ട്കൊച്ചി റോയി ആൻഡ്രൂസ്